


# കടത്തനാടൻ പട്ടം



## ആമുഖം

സാങ്കേതിക വിദ്യയുടെ വളർച്ച വിദ്യാഭ്യാസരംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത്. അതിനൂതനമായ സാങ്കേതികവിദ്യ വിദ്യാർത്ഥികൾക്ക് പകർന്നു കൊടുക്കാൻ നമ്മുടെ വിദ്യാഭ്യാസരീതിക്ക് സാധിച്ചു എന്നത് വിദ്യാഭ്യാസ മേഖലയുടെ മികവാണ്.സാങ്കേതികവിദ്യ പഠിക്കുന്നതോടൊപ്പം തന്നെ, കുട്ടികളുടെ സാങ്കേതികവിദ്യയിലെ മികവ് തെളിയിക്കാനുള്ള ഒരു നല്ല അവസരം കൂടിയാണ് ' ലിറ്റിൽ കൈറ്റ്സ് ' സാങ്കേതികവിദ്യയിൽ കുട്ടികൾക്കുള്ള പ്രാവീണ്യം തെളിയിക്കാനുള്ള ഒട്ടനവധി അവസരങ്ങൾ കുട്ടികളുടെ ഏറ്റവും വലിയ ഐ ടി കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്' കൂട്ടായ്മയിലൂടെ സാധിക്കുന്നു. അച്ചടി രൂപത്തിൽ മാത്രമായി ലഭിച്ചിരുന്ന പുസ്തകങ്ങളും പത്രങ്ങളും ഇന്ന് ഇലക്ട്രോണിക് രൂപത്തിൽ നമുക്ക് ലഭിക്കുന്നു.

കടത്തനാട് രാജാസ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾ അത്തരത്തിലുള്ള ഒരു ശ്രമമാണ് 'കടത്തനാടൻ പട്ടം' എന്ന ഈ ഒരു ഡിജിറ്റൽ മാഗസിനിലൂടെ സാക്ഷാത്കരിക്കാൻ ശ്രമിക്കുന്നത്.

# ഉള്ളടക്കം


1 . ആമുഖം -2

2 . സന്ദേശം -4

3 . കെ ആർ ഏച്ച് എസ് എസ്,നാൾ ഇത് വരെ -5

4 . എന്റെ വിദ്യാലയം -8

5 . ഗാന്ധിപഥം തേടി -9

6 . അടിമപ്പെട്ട പുതുതലമുറ -15

7 . माँ -17

8 . പക്ഷികളുടെ പറുദീസ -19

9. നിഴൽ -20

10. കുറ്റവും ശിക്ഷയും -21

11 .प्यार -24

12. ദേവദൂതൻ -26

13 . നിർമ്മിത ബുദ്ധി -28

14.ക്ലിന്റ് ഗ്യാലറി -30



## സന്ദേശം

പ്രിയപ്പെട്ടവരേ,

വിദ്യാർത്ഥികൾ കേവലം പഠിതാക്കൾ മാത്രമല്ല നാളെയുടെ ശില്പികൾ കൂടിയാണ്. പഠനത്തോടൊപ്പം തന്നെ അവരുടെ സാങ്കേതിക കഴിവുകൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി ഞങ്ങളുടെ വിദ്യാർത്ഥികൾ "കടത്തനാടൻ പട്ടം" നിങ്ങൾക്ക് മുൻപിൽ സമർപ്പിക്കുകയാണ്. അറിവിഅറിവിന്റെ,ഭാവനയുടെ അതിരുകളില്ലാത്ത ആകാശത്തിലേക്ക് ഈ പട്ടം ഉയർന്ന് പറക്കട്ടെ

ശ്രീമതി ഷൈനി കെ
ഹെഡ്മിസ്ട്രസ് ,കെ ആർ എച്ച് എസ് എസ് പുറമേരി



# കെ .ആർ. എച്ച്. എസ്. എസ്.പുറമേരി

ഒരു പ്രാഥമിക വിദ്യാലയമായി പ്രവർത്തനമാരംഭിച്ച്, പ്രഗത്ഭരും പ്രശസ്തരുമായ പലരുടെയും അനുഗ്രഹാശിസ്സുകളോടെ വളർന്ന്, ആധുനിക സൗകര്യങ്ങളെല്ലാം ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂൾ ആയിത്തീർന്ന ചരിത്രമാണ് പുറമേരി കെ ആർ എച്ച് എസ്സ് എസ്സിന്റേത്. പണ്ഡിതനും, സാഹിത്യകാരനും കടത്തനാടിന്റെ അഭിമാനസ്തംഭവുമായ ശ്രീ . ആയഞ്ചേരി കോവിലകത്ത് ഉദയവർമ്മ ഇളയരാജ, പുറമേരിയിലെയും സമീപപ്രദേശങ്ങളിലെയും വരും തലമുറകളുടെ ആധുനിക വിദ്യാഭ്യാസാവശ്യം മുന്നിൽ കണ്ടു കൊണ്ടാണ് 1896ൽ കടത്തനാട് രാജാസ്സ്കൂൾ സ്ഥാപിച്ചത്. ആ മഹാനുഭാവന്റെ ലക്ഷ്യം സാക്ഷാത്കരിച്ചു കൊണ്ട് പ്രാഥമിക വിദ്യാലയമായി ആരംഭിച്ച പ്രസ്തുത വിദ്യാലയം 1918 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. അങ്ങനെ 1921ൽ പ്രഥമ എസ്. എസ്. എൽ സി ക്ളാസുകാർ പൊതു പരീക്ഷ എഴുതി പുറത്തിറങ്ങി. 2010-11 അധ്യയന വർഷം മുതൽ സയൻസ്, കോമേഴ്സ്, ഹ്യൂമാനിറ്റീസ്, ഗ്രൂപ്പിൽ ഹയർ സെക്കണ്ടറി ക്ലാസ്സുകളും തുടങ്ങി.
ശ്രീ എ.കെ ഉദയവർമ്മ ഇളയരാജക്ക് ശേഷം ശ്രീ എ.കെ ശങ്കരവർമ്മരാജ സ്കൂൾ മാനേജരായി



പ്രവർത്തിച്ചു. ഇദ്ദേഹത്തിന്റെ കാലത്ത്, 1923ലാണ് സ്കൂളിന് സർക്കാറിന്റെ സ്ഥിരാംഗീകാരം ലഭിച്ചത്. 1933 ജനുവരിയിൽ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി കർമ്മ നിരതനും, പ്രഗൽഭനും ആയ ശ്രീ. കെ. കുഞ്ഞപ്പ നമ്പ്യാർ (കെ.കെ. നമ്പ്യാർ) ചാർജെടുത്തു. 1955 വരെയുള്ള അദ്ദേഹത്തിന്റെയും അന്നത്തെ അദ്ധ്യാപകരുടെയും നിസ്വാർത്ഥ പ്രവർത്തനത്താൽ സ്കൂളും പുരോഗതി നേടി.പിന്നീട് സ്കൂളിന്റെ നടത്തിപ്പിന് പ്രയാസം നേരിട്ടപ്പോൾ 1939 ഡിസംബറിൽ, സ്കൂൾ മാനേജ്മെൻറ് ആയഞ്ചേരി കോവിലകത്തിന് ലഭിക്കുകയും, മെമ്പർമാരുടെ അപേക്ഷയെത്തുടർന്ന് കടത്താനാട് വലിയ രാജ, ശ്രീ.ഇ.കെ. കുഞ്ഞികൃഷ്ണവർമ്മ രാജ സ്കൂൾ മാനേജ്മെൻറ് ഏറ്റെടുത്ത് പുതിയ കെട്ടിടം നിർമ്മിക്കുകയുമുണ്ടായി. തുടക്കത്തിൽ ഒരേക്കർ സ്ഥലത്ത് മാത്രം ഒതുങ്ങി നിന്നിരുന്ന ഈ വിദ്യാലയത്തിനു മൂന്നര ഏക്കറോളം വിസ്തൃതിയുള്ള പുൽമൈതാനമുൾപ്പെടെ ആറ് ഏക്കറിലധികം സ്ഥലം സ്കൂളിന്റേതാക്കി ഇന്ന് കാണുന്ന മനോഹാരിതയും ഗാംഭീര്യവും ഉണ്ടാക്കിയത് ശ്രീ. ഇ. കെ . കുഞ്ഞികൃഷ്ണവർമ്മ വലിയ രാജയാണ്.

ഇതോടെ നാട്ടുകാരുടെ വിശ്വാസം വീണ്ടെടുക്കുകയും സ്കൂളിൽ വിദ്യാർത്ഥികളുടെ എണ്ണം വർഷം തോറും വർദ്ധിച്ചു വരികയുമുണ്ടായി. 1944 ജൂലൈ 12ന് അദ്ദേഹം ദിവംഗതനായതിനെ തുടർന്ന് ശ്രീ. ഇ.കെ രാമ വർമ്മ വലിയ രാജ മാനേജരായി. 1945-46ൽ സ്കൂളിന്റെ ഗോൾഡൻ ജൂബിലി സമുചിതമായി ആഘോഷിക്കുകയും ഒൻപത് ക്ളാസ് മുറികൾ ഉള്ള ജൂബിലി ബിൽഡിംഗ് നിർമ്മിക്കുകയും ചെയ്തു .1963 ഡിസംബറിൽ അദ്ദേഹത്തിന്റെ നിര്യാണത്തെ തുടർന്ന് അഡ്വക്കേറ്റ് റിസീവർ സ്കൂളിന്റെ മാനേജരായി നിയമിതനായി. മാനേജ്മെൻറും പി . ടി . എ. യും അഭ്യുദയകാംക്ഷികളും സ്റ്റാഫും സഹകരിച്ചപ്പോൾ ആവശ്യാനുസരണം സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെട്ടു. കോടതി വിധിയെത്തുടർന്ന് 1990 ആഗസ്റ്റ് മുതൽ കടത്തനാട് വലിയ രാജ ശ്രീ. ഇ. കെ. ഉദയവർമ്മ രാജ സ്കൂൾ മാനേജരായി. 1991 മെയ് മാസത്തിൽ അന്നത്തെ വലിയ രാജ ശ്രീ. ഇ. കെ. രാമവർമ്മരാജ മാനേജരായി സ്ഥാനമേറ്റു.

1994 മുതൽ സ്കൂൾ ഭരണം കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം തിരഞ്ഞെടുക്കപ്പെട്ട കുടുംബാംഗങ്ങളുടെ കമ്മിറ്റിയിൽ നിക്ഷിപ്തമായി. കടത്തനാട് വലിയരാജ പ്രസിഡണ്ടായിരുന്നു. 1995 ഏപ്രിൽ മുതൽ 2009 വരെ കമ്മിറ്റി വൈസ് പ്രസിഡന്റ് ആയ ശ്രീ. ഇ. കെ. കൃഷ്ണവർമ്മ രാജ സ്കൂൾ മാനേജരായി പ്രവർത്തിച്ചു. 2010 ജൂലൈയിൽ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം വീണ്ടും അതത് കാലത്തെ വലിയ രാജ സ്കൂൾ മാനേജരായി തീർന്നു.


സ്കൂൾ സംബന്ധമായി കേരള ഹൈക്കോടതിയിൽ നിലനിന്ന കേസിൽ അന്തിമ വിധി വന്നതിനെത്തുടർന്ന് 2018 ഡിസംബർ 1ന് അവകാശികളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 11 പേർ ഉള്ള മാനേജിങ്ങ് കമ്മിറ്റി നിലവിൽ വന്നു .

ശ്രീ. പി. കെ. രാമകൃഷ്ണൻ മാസ്ററർ കമ്മിറ്റി പ്രസിഡന്റും സ്കൂൾ മാനേജരുമായിരുന്നു . 2021 മുതൽ ശ്രീമതി പ്രസീത കെ  സ്കൂൾ

മാനേജരും  ശ്രീ. ഇ. കെ.
ശങ്കരവർമ്മരാജ കമ്മിറ്റിയുടെ വൈസ്
പ്രെസിഡന്റും  ആണ്.

വർഷങ്ങളായി എസ്. എസ്. എൽ.
സി .ക്ക് നൂറ് ശതമാനം വിജയം
കൈവരിച്ച് കൊണ്ടിരിക്കുന്ന ഈ
വിദ്യാലയത്തിൽ അഞ്ചാം ക്ളാസ്
മുതൽ മലയാളത്തിലും ഇംഗ്ലീഷ്
മീഡിയത്തിലും വിദ്യാർത്ഥികൾ
പഠിക്കുന്നുണ്ട്. അനേകം വിദ്യാർഥികൾ
വിവിധ സ്കോളർഷിപ്പുകൾ വർഷം
തോറും നേടിവരുന്നു. കലോത്സവം,
കായികമേള, മത്സര പരീക്ഷകൾ,
എന്നിവയെല്ലാം അംഗീകാരം നേടുന്നു.

ശ്രീ കെ.കെ. രമേശൻ
അധ്യക്ഷനായുള്ള പി.ടി.എ. സ്കൂളിന്റെ
പുരോഗതിക്കും വിദ്യാർഥികളുടെ
ക്ഷേമത്തിനുമായി നിർലോപമായ
സഹായസഹകരണങ്ങൾ നൽകി
വരുന്നു.





# എന്റെ വിദ്യാലയം

ജീവിതത്തിൽ വിജയം നേടിയെടുക്കാൻ വിദ്യാഭ്യാസം വളരെ പ്രധാനമാണ്. നല്ല സംസ്കാരങ്ങളുംഅറിവും പകർന്നു തരാൻവിദ്യാലയങ്ങൾക്ക് കഴിയുന്നു. വിദ്യാഭ്യാസം ലഭിക്കുന്നതിൽ ഏറ്റവും മികച്ചതുംപ്രാഥമികവുമായ ഒരു സ്ഥലമാണ് സ്കൂൾ. വിദ്യാഭ്യാസം മാത്രമല്ലകുട്ടികളുടെ നിരവധി കഴിവുകൾക്ക് പ്രോത്സാഹനവും വളർത്തിയെടുക്കാൻ സഹായം ചെയ്യുന്ന ഒരു ഇടമാണ് വിദ്യാലയം. സ്കൂൾ ജീവിതം നമുക്ക് നല്ല മികച്ച ഘട്ടമായി കാണാൻ ആവുന്നത്, സ്കൂളിൽ നമ്മൾ ആസ്വദിച്ചു പഠിക്കുന്നത് കൊണ്ടാണ്. എന്റെ സ്കൂളിന്റെ പേര്കടത്തനാട് രാജാസ്ഹയർസെക്കൻഡറിസ്കൂൾ എന്നാണ്.എന്റെ നാട്ടിലെ ഏറ്റവും പ്രശസ്തമായ ഒന്നാണ് എന്റെ വിദ്യാലയം. പുറമേരി സ്കൂൾ എന്നാണ് അറിയപ്പെടുന്നത്. അത് വളരെ മനോഹരവും വലുതുമാണ്. എന്റെ സ്കൂളിന്റെ അന്തരീക്ഷം വളരെ മനോഹരവും സന്തോഷകരവുമാണ്.ഞങ്ങൾ വിദ്യാർത്ഥികൾക്കായി കളിക്കാൻ വലിയ ഒരു കളിസ്ഥലമുണ്ട്. ഞങ്ങളുടെ സ്കൂളിന്റെ മുമ്പിൽ ഒരു വലിയ മാവുണ്ട്. മാങ്ങയുടെ കാലമായാൽ അതിൽ നിറയെ മാങ്ങകൾ ഉണ്ടാകും. ഗേറ്റിന്റെ പുറത്ത് വലിയ ഒരു കളി സ്ഥലവും അതിൽ നിന്ന് സ്പോർട്സും ഉണ്ടാവാറുണ്ട്. വ്യത്യസ്ത ശാരീരിക പരിശീലന അധ്യാപകർ ഈ കായിക വിനോദങ്ങളെല്ലാംഞങ്ങളെ പരിശീലിപ്പിക്കുന്നു. കായികയിൽ മാത്രം ഞങ്ങളുടെ സ്കൂൾ ഒതുങ്ങുന്നില്ല. മ്യൂസിക് ക്ലാസും, വർക്ക് എക്സ്പീരിയൻസ് ക്ലാസും തുടങ്ങിയ മറ്റ് ആക്ടിവിറ്റുകളും ഉണ്ടാവാറുണ്ട്. എന്റെ സ്കൂളിൽ വലിയ ലൈബ്രറിയുണ്ട്. അതിൽ ധാരാളം രസകരമായ കഥകളും കവിതകളും നോവലുകളും ഒക്കെയുള്ള പുസ്തകങ്ങളുണ്ട്. എല്ലാ ദിവസവും എന്റെ സ്കൂളിൽ പോയി സമയം ചെലവഴിക്കാൻ എനിക്ക് ഇഷ്ടമാണ്. സ്കൂളിൽ പോകുന്നതിലും കൂട്ടുകാരെ കാണുന്നതിലുംഅധ്യാപകരുമായി ഇടപഴകാനും പുതിയ കാര്യങ്ങൾ പഠിക്കാനും എനിക്ക് ഇഷ്ടമാണ്. എന്റെ സ്കൂളിനെ കുറിച്ച് ഓരോ തവണയുംഞാൻ ചിന്തിക്കുന്നത് വിദ്യാഭ്യാസത്തിന്റെ ഒരു നക്ഷത്രമായിട്ടാണ്. വിദ്യാഭ്യാസവും വ്യക്തിത്വ വികസനവുമായ എന്റെ സ്കൂൾ. എന്റെ സുഹൃത്തുക്കൾക്കും അധ്യാപകർക്കുംസ്കൂൾ ജീവനക്കാർക്കും ഇത് സുഖകരവും വിദ്യാഭ്യാസപരവുമായ ഒരു പഠന സ്ഥലമായി മാറ്റിയതിന് ഞാൻ എപ്പോഴും നന്ദിയുള്ളവനായിരിക്കും.

**ഷെഫ്ന ഫാത്തിമ**
**9 A**

# ഗാന്ധിപഥം തേടി




## എന്റെ യാത്രാ വിവരണം

വേനലവധിക്കാലത്തിനിടയിലുള്ള ഒരു ദിവസമായിരുന്നു അന്ന്. എന്റെ ക്ലാസ് ടീച്ചറായിരുന്ന ഇന്ദുജ ടീച്ചർ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ ആഭി മുഖ്യത്തിൽ ഗുജറാത്ത് മുതൽ ഡൽഹി വരെ നീളുന്ന 13 ദിവസം ദൈർഘ്യമുള്ള "ഗാന്ധിപഥംതേടി' എന്ന പഠനപോഷണയാത്രയ്ക്ക് എന്നെ തിരഞ്ഞെടുത്ത വിവരം വിളിച്ചറിയിച്ചത്. പിന്നീടുള്ള ദിവസങ്ങളിൽ ഈയൊരു യാത്രയ്ക്ക് പോകുന്നതിനെ കുറിച്ചുള്ള ആകാംക്ഷ വർദ്ധിക്കുകയായിരുന്നു. കാരണം തിരഞ്ഞെടുത്ത ഒരു കുട്ടി മാത്രമേ സ്കൂളിൽ നിന്ന് ഉണ്ടാവുകയുള്ളു. അങ്ങനെ യാത്രയുമായി ബന്ധപ്പെട്ട ശില്പശാലകൾ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ നടന്നു. യാത്രയുടെ സംഘാടകരുമായി സംവദിക്കാനും വിദ്യാർത്ഥികളെ പരിചയപ്പെടാനും ശില്പശാലയിലൂടെ സാധിച്ചു. രണ്ടാമത്തെ ശില്പ ശാലയിൽ വച്ച് യാത്രയുടെ തീയ്യതി അറിയിച്ചു. ആഗസ്റ്റ് 30 നാണ് തീരുമാനിച്ചത്. കുറച്ച് ദിവസങ്ങൾക്ക് ശേഷം യാത്രയുമായി ബന്ധപ്പെട്ട് യാത്രയയപ്പ് സ്കൂളിൽ നിന്ന് നല്കി . ഈ യാത്രയയപ്പ് വേറിട്ടൊരു അനുഭവമായിരുന്നു. കുറേ മഹത്‌വ്യക്തികളുടെ കൂടെ വേദി പങ്കിട്ടതും അവരെന്നെകുറിച്ച് പറഞ്ഞ കാര്യങ്ങളും, അവരുടെ കൈയ്യിൽ നിന്നും ഉപഹാരം ഏറ്റു വാങ്ങിയതും വളരെ അഭിമാനവും സന്തോഷവും നിറഞ്ഞ നിമിഷങ്ങളായിരുന്നു. ഓണ പരീക്ഷയും കഴിഞ്ഞ് സ്കൂളുകൾ അവധി തുടങ്ങിയതിനു ശേഷം രണ്ട് ദിവസം യാത്രയുമായി ബന്ധപ്പെട്ട് മറ്റ് സ്കൂളിൽ പോകുമ്പോൾ അവതരിപ്പിക്കേണ്ട കലാപരിപാടികൾ ആസൂത്രണം ചെയ്യുകയും പരിശീലിക്കു കയും അത് ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്ക് മുമ്പിൽ റിഹേഴ്സൽ എന്ന രീതിയിൽ ഒരു പരിപാടി സംഘടിപ്പിക്കുകയും, ആ സദസ്സിൽ വച്ച് തന്നെ യാത്രയുമായി ബന്ധപ്പെട്ട വസ്ത്രവും ബാഡ്ജും തൊപ്പിയും ബാഗും ഒക്കെ ലഭിക്കുകയും ചെയ്തു. അങ്ങനെ തിരുവോണത്തിനുശേഷം യാത്രയുടെ ദിവസം വന്നെത്തി മൂന്നാം ഓണ ദിവസം ഉച്ചയോടെ വീട്ടിൽ നിന്ന് എന്റെ കുടുംബാംഗങ്ങളുമായി യാത്ര ആരംഭിക്കുന്ന കോഴിക്കോട് ഫ്രീഡം സ്വകയർ ബീച്ചിലേക്ക് പുറപ്പെട്ടു. അവിടെ പൗരാവലിയുടെ സ്വീകരണവും, പിന്നെ ഞങ്ങളുടെ യാത്ര വനം വന്യജീവി വകുപ്പ് മന്ത്രി ശ്രീ എം കെ ശശീന്ദ്രൻ അവർകൾ ഉദ്ഘാടനം, കോഴിക്കോടിന്റെ സ്വന്തം മേയർ അദ്ധ്യക്ഷൻ പദവി അലങ്കരിക്കുകയും പുരാവസ്തു വകുപ്പ് മന്ത്രി ശ്രീ അഹമ്മദ് ദേവർകോവിൽ യാത്ര ഫ്ളാഗ് ഓഫ് ചെയ്യുകയും ചെയ്തു. ജില്ലാ പഞ്ചായത്ത്

പ്രസിഡണ്ട് ശ്രീമതി ഷീജാ ശശി നന്ദി പ്രകാശിപ്പിച്ചു. പിന്നീട് ഞങ്ങൾ പരിശീലിച്ച് കുറേ പരിപാടി കൾ അവിടെവച്ച് അവതരിപ്പിച്ചു. കരിന്തലക്കൂട്ടത്തിന്റെ നാടൻപാട്ട് പരിപാടിക്കുശേഷം കോഴിക്കോട്ട് റയിൽവേസ്റ്റേഷനിലേക്ക് യാത്ര തിരിച്ചു .അതിനിടയിൽ രാത്രി ഭക്ഷണവും കഴിച്ചു. ഏകദേശം രാത്രി 11.30 ഓടെ റയിൽവേസ്റ്റേഷനിൽ എത്തി. ഞങ്ങളുടെ സ്കൂളിലെ എൻ സി സി യുടെ ചാർജ്ജ് വഹിക്കുന്ന സർ ആയ മുഹ മ്മദ് റാഫി സാർ  എന്നെ റയിൽവേ സ്റ്റേഷനിൽ യാത്രയാക്കാൻ വന്നിട്ടുണ്ടായിരുന്നു. ട്രെയിൻ അര മണിക്കൂർ വൈകി 12.30 ന് എത്തി . ഒരു മണിക്കൂറോളമുള്ള കാത്തിരിപ്പിനൊടുവിൽ എല്ലാവരോടും യാത്ര പറഞ്ഞ് ഞങ്ങൾ എറണാകുളം ഓഖ എക്സ്പ്രസ്സിൽ കയറുന്നതിന് തയ്യാറെടുത്തു. ആദ്യമായാണ് കുടുംബാംഗങ്ങൾ ഇല്ലാതെ യാത ചെയ്യുന്നത് . അതിന്റെ ഒരു വിഷമം മനസ്സിലുണ്ടായിരുന്നു. നല്ല ക്ഷീണമുണ്ടായിരുന്നത്കൊണ്ട് വേഗം ഉറങ്ങിപോയി. കുറേ കാലമായി ട്രെയിനിൽ യാത്ര ചെയ്യാത്ത എനിക്ക് ഈ ദിനങ്ങൾ പുത്തൻ ഉണർവ്വായിരുന്നു. ട്രെയിനിൽ വച്ച് ഞങ്ങൾ പരിശീലിച്ച പരിപാടികൾ ഒന്നുകൂടി ഹൃദിസ്ഥമാക്കി പുറത്തെ അതിമനോഹരമായ പ്രകൃതിയിലെ ഓരോ കാഴ്ചയും ആസ്വദിക്കുന്നുണ്ടായിരുന്നു. ആ മനോഹാരിത ഫോൺ ക്യാമറയിൽ പകർത്താനും ശ്രമിച്ചു. ഇതിനിടയിൽ ട്രെയിനിൽനിന്ന് കിട്ടിയ ഭക്ഷണം വളരെ കഷ്ടപ്പെട്ടാണ് കഴിച്ചത്. അങ്ങനെ ഒന്നര ദിവസത്തെ ട്രെയിൻ യാത്ര അവസാനിപ്പിച്ച് സെപ്തംബർ ഒന്നാം തീയ്യതി ഞങ്ങൾ അഹമ്മദാബാദിലെ പ്രഭാതം കണ്ടുണർന്നു. ആകാംക്ഷ നിറഞ്ഞ നിമി ഷങ്ങളായിരുന്നു പിന്നീടങ്ങോട്ട്....

ഗുജറാത്തിലെ ഏറ്റവും വലിയ നഗരമായ അഹമ്മദാബാദിലെ റയിൽവേസ്റ്റേഷനിൽ ഞങ്ങളെ വരവേറ്റത് അവിടുത്തെ കേരള സമാജത്തിന്റെ പ്രതിനിധികൾ ആയിരുന്നു. അവിടെ നിന്ന് ഞങ്ങൾ മോസ്കോ ഹോട്ടലിലേക്ക് യാത്ര തിരിച്ചു. ഞങ്ങളുടെ തുടർന്നുള്ള യാത്രയ്ക്കായ് ആവശ്യാർത്ഥം പ്രത്യേക ബസ്സുകൾ ഏർപ്പെടുത്തി യിരുന്നു. ഗുജറാത്തിലെ യാത്രകൾക്കിടയിൽ ഞങ്ങൾ കുറേ ഫോട്ടോസൊക്കെ എടുത്തു, ഹോട്ടലിലെത്തി ഫ്രഷായതിനുശേഷം പ്രഭാതഭക്ഷണം കഴിച്ചു. ഞങ്ങൾ കൂടെ കൂട്ടിയ കുക്കിന്റെ പാചകമായിരുന്നു. ഹോട്ടലിൽ ഒരു റൂമിൽ 6 പേരുണ്ടായിരുന്നു.



ഗാന്ധിജിയെ അറിയാനുള്ള പ്രഥമ ചുവടുവയ്പ്പ് ആരംഭിച്ചത് സബർമതി ആശ്രമത്തിൽ വച്ചായിരുന്നു. ദിവസവും ആയിരക്കണക്കിന് സന്ദർശകർ വരുന്ന സബർമതി ആശ്രമത്തിൽ എത്തിയ എന്റെ ശ്രദ്ധ ആദ്യമായി പതിഞ്ഞത് മൂന്ന് കുരങ്ങൻമാരുടെ പ്രതിമയിലേക്കായിരുന്നു. അവ കണ്ണും വായും ചെവിയും സ്വന്തം കൈകൊണ്ട് മൂടിയിരുന്നു. ചീത്ത കാര്യങ്ങൾ കാണില്ല, കേൾക്കില്ല,പറയില്ല എന്ന ഒരു സന്ദേശമാണ്ഇതുകൊണ്ടുദ്ദേശിക്കുന്നത് എന്ന് ഞാൻ ചെറിയ ക്ലാസിൽ പഠിച്ചിട്ടുണ്ടായിരുന്നു. പുറമേ നിന്ന് നോക്കുമ്പോൾ സബർമതി ആശ്രമം ഒരു നിലയിലുള്ള കെട്ടിടമാണ്. ആശ്രമത്തിനുള്ളിലേക്ക് പ്രവേശിച്ചപ്പോൾ ഞങ്ങളെ ആകർഷിച്ചത് ഗാന്ധിജിയുടെ വിവിധ കാലഘട്ടത്തിലുള്ള ഫോട്ടോകളാണ്. ഞങ്ങൾ അവിടെ നിലത്ത് കുറച്ച് നേരം ഇരുന്നു . ഞങ്ങളുടെ കൂടെ ആശ്രമത്തിലെ ഡയറക്ടർ അതുൽ പാണ്ഡ്യ സാർ  ഉണ്ടായിരുന്നു. അദ്ദേഹം ആശ്രമത്തെക്കുറിച്ച് ഞങ്ങളുടെ അറിവിലേക്കായി ധാരാളം കാര്യങ്ങൾ പറഞ്ഞുതന്നു. സബർമതി ആശ്രമത്തെ മനോഹരമാക്കി തീർത്തത് അതിനോട് ചേർന്ന് ഒഴുകുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള സബർമതി നദിയായിരുന്നു. ഞങ്ങളും പുഴയുടെ അരികിൽ കുറച്ച് സമയം ചിലവഴിച്ചു. നൂറ്റാണ്ടിന്റെ പഴക്കമുള്ള സബർമതി ആശ്രമം സത്യത്തേയും അഹിംസയേയും പിന്തുടരുന്ന ആളുകളെ കൂട്ടി ചേർത്ത് സ്വാതന്ത്രസമരത്തിൽ പോരാടാനായ് ഗാന്ധിജി സ്ഥാപിച്ചതാണ്. അവിടെ ഞങ്ങൾ ഗാന്ധിജി ഉപയോഗിച്ച് ചർക്ക അദ്ദേഹം നിർമ്മിച്ച "സത്യാഗ്രഹം എന്ന പേരിലുള്ള ജീവിതചക്രം ഗാന്ധിജിയുടെ സ്വന്തം കൈപ്പടയിൽ എഴുതി തയ്യാറാക്കിയ ആശ്രമ നിയമങ്ങൾ എന്നിങ്ങനെയുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ കണ്ടു. ഗാന്ധിജിയുടേയും പത്നി കസ്തൂർബാഗാന്ധിയുടേയും ശില്പങ്ങളും പിന്നെ മറ്റ് സ്വാതന്ത്ര്യസമര സേനാനികളുടെ ഫോട്ടോകളും ഞങ്ങൾക്കവിടെ കാണാൻ കഴിഞ്ഞു.

ആശ്രമത്തിലെ ഓർമ്മകൾ മനസ്സിലേറി അവിടുന്ന് ഉച്ചഭക്ഷണവും കഴിച്ച് ഞങ്ങൾ ആശ്രമത്തിന്റെ പടിയിറങ്ങി . അതിനുശേഷം ഞങ്ങളെ കാത്തിരുന്നത് ജി ഇന്റർനാഷണൽ സ്കൂളിലെ കുട്ടികളായിരുന്നു. ഞങ്ങൾ അല്പം വൈകിയാണ് അവിടെയെത്തിയത് . അവിടുത്തെ വിദ്യാർത്ഥികൾ ഞങ്ങളെ കൂപ്പ് കൈകളോടെ സ്വീകരിച്ചു. ഇന്ത്യയെ പ്രകീർത്തിച്ച് കൊണ്ടുള്ള ഗാനവും നൃത്തവും മറ്റ് പരിപാടികളും ഞങ്ങൾ അവിടെ അവതരിപ്പിക്കുകയും ഞങ്ങൾക്ക് വേണ്ടി അവർ കഥകൾ അവതരിപ്പിച്ചു. ഞങ്ങൾ അത് വളരെ ആസ്വദിച്ചു. ശേഷം അവിടുന്ന് ലഘു ഭക്ഷണവും കഴിഞ്ഞ് സ്കൂളിലെ കൂട്ടുകാരോട് യാത്ര പറഞ്ഞിറങ്ങി . പിന്നെ ഞങ്ങൾ കൻകേരിയ പാർക്കിലാണ് സമയം ചെലവഴിച്ചത്. അവിടെ വൃത്താകൃതിയിലുള്ള ഒരുനടപ്പാതയുടെ നടുവിലായി വെള്ളക്കെട്ടും അതിൽ ബോട്ട് സൗകര്യവും ഉണ്ടായിരുന്നു. ഏകദേശം 2 മണിക്കൂർ അവിടെ ചിലവഴിച്ച് ഞങ്ങൾ ഹോട്ടലിലേക്ക് തിരിച്ചു.അഹമ്മദാബാദിലെ ഞങ്ങളുടെ ആദ്യദിനം സമാപിച്ചു.



രണ്ടാമത്തെ ദിവസം യാത്ര തുടങ്ങിയത് മൊറാർജി ദേശായിയുടെ സമാധി മണ്ഡപത്തിൽ പൂക്കളർപ്പിച്ച് കൊണ്ടാണ്. പിന്നീട് ഞങ്ങൾ നാഷണൽ ഫോറസ്റ്റിലേക്ക് പോയി . അപ്പോൾ ഏകദേശ സമയം ഉച്ചയോടടുത്തിരുന്നു. വനത്തിനുള്ളിൽ ഒത്തിരി പക്ഷിമൃഗാദികളുണ്ടായിരുന്നു. പിന്നെ കാനനസൗന്ദര്യവും ആസ്വദിച്ചു. അവിടുത്തെ പ്രവേശനകവാടത്തിനരികെ നിന്ന് ഉച്ചഭക്ഷണം കഴിക്കുമ്പോൾ കൂട്ടിന് കുറേ വാനരൻമാരും ഉണ്ടായിരുന്നു. അവരോടൊക്കെ യാത്ര പറഞ്ഞ് പിന്നീട് ഞങ്ങൾ പോയത് "ഗാന്ധിമസിയത്തിലേക്ക് ....' മ്യൂസിയത്തെ പുറമേ നിന്ന് നോക്കുമ്പോൾ പിരമിഡ് നേരിൽ കണ്ടതുപോലെയാണ് തോന്നിയത്. മ്യൂസിയത്തിനുള്ളിൽ പ്രവേശിച്ചപ്പോൾ ഞങ്ങളെ സ്വാഗതം ചെയ്തത് കറുത്തഭിത്തികളിൽ തൂക്കിയിട്ടിരിക്കുന്ന കമ്പ്യൂട്ടർ സ്ക്രീനിലെ ഗാന്ധിജിയുടെ ലോകപ്രശസ്തമായതത്വവചനങ്ങളായിരുന്നു. പിന്നെ ഞങ്ങളെ അവിടെ അതിശയിപ്പിച്ച കാര്യം ഗാന്ധിജിയുടെ ജീവിതവും, സ്വാതന്ത്ര്യവും സമരകാലവുമായി ബന്ധപ്പെട്ടിട്ടുള്ള 3 ഡി ദൃശ്യങ്ങളായിരുന്നു. ഗാന്ധിജിയെ നേരിട്ട് കണ്ട് സംസാരിച്ച് പോലുള്ള ഒരു അനുഭവമുണ്ടായി. ഗാന്ധിജി അപ്പൂപ്പന്റെ ചിത്രം മാത്രം പതിഞ്ഞിരുന്ന എന്റെ മനസ്സിൽ അദ്ദേഹത്തിന്റെ വിവിധ കാലഘട്ടത്തിലുള്ള ചിത്രങ്ങളും, സ്വാതന്ത്ര്യസമരകാലത്തെ ചിത്രങ്ങളും ചേക്കേറി . ഗാന്ധിജിയുടെ മരണവിവരം അറിഞ്ഞ നിമിഷത്തെക്കുറിച്ച് പതി കസ്തൂർബാഗാന്ധി പറഞ്ഞ കാര്യങ്ങൾ എന്റെ കണ്ണുകളെയും ഈറനണിയിച്ചു. അവിടം വിട്ടിറങ്ങുമ്പോൾ ഗാന്ധിജിയുടെ ജീവിതരീതികളെക്കുറിച്ച് കൂടുതൽ എന്തൊക്കെയോ അറിഞ്ഞ സന്തോഷത്തിലും അഭിമാനത്തിലും ആയിരുന്നു എന്റെ മനസ്സ് .പിന്നെ നേരെ ഹോട്ടലിലേക്ക് .

മൂന്നാം ദിവസം സൂര്യനുണരുന്നതിന് മുമ്പ് ഉണർന്ന് യാത്രയാരംഭിച്ചു.258 സ്ക്വയർ വിസ്തൃതി, തുടർച്ചയായ പരുക്കൻ വരമ്പുകളും, ഒറ്റപ്പെട്ട കുന്നുകളും ,പീഠഭൂമികളും താഴ്വരകളും ചേർന്ന ഭൂപ്രകൃതി നിരവധി സസ്തനികൾ ഉരഗങ്ങൾ, പക്ഷികൾ, പ്രാണികൾ, വൈവിധ്യമാർന്ന സസ്യജാലങ്ങൾ എന്നിവയ്ക്ക് സവിശേഷ മായ ഒരാവാസകേന്ദ്രമായ ഇന്ത്യയിലെ ഏഷ്യൻ സിംഹങ്ങളുടെ ഏക വാസസ്ഥലമായ ഗീർ വനമായിരുന്നു. ഞങ്ങൾ ലക്ഷ്യസ്ഥാനത്ത് നീണ്ട യാത്ര ചെയ്താണ് എത്തിയത്. അതുകൊണ്ട് തന്നെ ബസ്സിൽ യാത്ര ആഘോഷമാക്കി നീങ്ങുന്നതിനിടയിൽ പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും ഒക്കെ കഴിച്ചിരുന്നു.ഏകദേശം വൈകുന്നേരം 4 മണിക്ക് ആണ് ഞങ്ങൾ ഗീർ വനത്തിലെത്തിയത് .

വനത്തിനുള്ളിലേക്ക് പോവാൻ പ്രത്യേക ബസ്സുകൾ ഉണ്ടായിരുന്നു. ടിക്കറ്റെടുത്തതിനുശേഷം ഞങ്ങൾ കാടിനുള്ളിലേക്ക് കടന്നു എന്റെ അനുഭവത്തിൽ ഇത് രണ്ടാം തവണയാണ് വനത്തിനുള്ളിലൂടെയുള്ള യാത്ര. കൂടുകളിൽ മാത്രം കണ്ട് പരിചയമുള്ള സിംഹങ്ങളും, കടുവകളും, പുലികളും ഒക്കെ ഞങ്ങൾ അവിടെ നേരിൽ കണ്ടു ഞങ്ങൾ ഫോണിൽ കുറേ ചിത്രങ്ങൾ പകർത്തി ഏകദേശം ഒന്നരമണിക്കൂർ ഞങ്ങൾ വനത്തിനുള്ളിൽ ചെലവഴിച്ചു. പിന്നെ ഞങ്ങൾ പോയത് സോമനാഥക്ഷേത്രത്തിലേക്കായിരുന്നു. ഏകദേശം 7 മണിക്ക് ക്ഷേത്ര പരിസരത്ത് എത്തിച്ചേർന്നു. സോമനാഥക്ഷേത്രം നൂറ്റാണ്ടിന്റെ

പഴക്കമുള്ളതും ഏറ്റവും കൂടുതൽ തവണ ആക്രമിക്കപ്പെട്ടതുമായ ക്ഷേത്രമായിരുന്നു. ക്ഷേത്രത്തിന്റെ കൂടുതൽ ഭാഗവും സ്വർണ്ണം കൊണ്ടാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്, നമ്മളുപയോഗിക്കുന്ന ഫോൺ, ബെൽറ്റ് അങ്ങനെയുള്ള മറ്റ് യാതൊന്നും ക്ഷേത്രത്തിനുള്ളിലേക്ക് പ്രവേശിപ്പിക്കാൻ കഴിയില്ല . നല്ല സുരക്ഷാ ക്രമീകരണങ്ങളാണിവിടെ ഉള്ളത് . ഭക്തജനങ്ങളെകൊണ്ട് തിങ്ങി നിറഞ്ഞി രുന്നു. ക്ഷേത്രത്തിന്റെ മനോഹാരിത കണ്ട് മതിമറന്ന് ഭഗവാനെ മനസ്സിൽ പ്രാർത്ഥിച്ചു ശേഷം ഹോട്ടലിലേക്ക്.
നാലാംദിവസം ഹോട്ടൽ സോമനാഥിൽ ഉറക്കമുണർന്ന് ഫ്രഷായി ഭക്ഷണ മൊക്കെ കഴിച്ച് അന്ന് സന്ദർശിക്കുന്ന സ്ഥലങ്ങളെ കുറിച്ച് പറയാൻ ഒരു അസംബ്ലി കൂടിയതിനുശേഷം ആദ്യം ഞങ്ങൾ എം കെ ഗാന്ധിളിലേക്ക് പുറപ്പെട്ടു. അവിടെ കുട്ടികളുടെ കൂടെ ഞങ്ങളും സ്കൂളിനുള്ളിലേക്ക് കയറി. ഞങ്ങളെല്ലാവരും വെള്ള വസ്ത്രങ്ങൾ ധരിച്ച് അവിടെ പരിപാടികൾ അവതരിപ്പിച്ചു. 5 നും 10 വയസ്സിനും ഇടയി ലുള്ള കൊച്ചുകുട്ടികളോടൊപ്പം അല്പസമയം ചിലവഴിച്ച ശേഷം ഞങ്ങൾ പോയത്
ഗാന്ധിജിയുടെയും പത്നി കസ്തൂർബാഗാന്ധിയുടെയും ജന്മസ്ഥലത്തേക്കാണ് കീർത്തി മന്ദിർ എന്നറിയപ്പെയുന്ന ആ ഭവനത്തിൽ ഗാന്ധിയുമായി ബന്ധപ്പെട്ട് കുറേ ചിത്രങ്ങൾ വില്പനയ്ക്കായി വച്ചിരുന്നു. വീട് കണ്ടാലറിയാം ഗാന്ധിജി വളരെ സമ്പന്ന തയിൽ ജീവിച്ചയാളെന്ന് എന്നിട്ടും അദ്ദേഹത്തിന്റെ ജീവിത രീതി പാവപ്പെട്ടവനിൽ പാവപ്പെട്ടവന്റെതായിരുന്നു.
വീട്ടിനുള്ളിൽ ഗാന്ധിജി ജനിച്ചു വീണ സ്ഥലം സ്വസ്ഥിക ചിഹനത്തിൽ അടയാള പ്പെടുത്തിയിരുന്നു. ഗാന്ധിജി ഉപയോഗിച്ചിരുന്ന ചർക്ക മെത്ത എന്നിവ ഞങ്ങൾക്കവിടെ കാണാൻ കഴിഞ്ഞു കസ്തൂർബാഗാന്ധിയുടെ വീട്ടിലേക്ക് അവിടുന്ന് നടക്കാനുള്ള ദൂരം മാത്രമേ ഉണ്ടായിരുന്നുള്ളു. മൂന്ന് നിലയുള്ള വീട് ആയിരുന്നു കസ്തൂർബാഗാന്ധിയുടേത് . കസ്തൂർബാഗാന്ധി ജനിച്ച സ്ഥലവും സ്വസ്ഥിക ചിഹനത്തിൽ അടയാള പ്പെടുത്തിയിരുന്നു. ആ വീട്ടിലെ ഓരോ നിലയിലും ഒരു മുറിയും ഒരടുക്കളയും ഉണ്ടാ യിരുന്നു. ഏണിയിലൂടെ കയറുപിടിച്ച് ഓരോ നിലയിലെത്തിയതും



എന്നിൽ കൗതുക മുണർത്തി.
രണ്ട് വീടുകളും ഏറെ പഴക്കമുണ്ടെങ്കിലും കാഴ്ചയിൽ അത് നമുക്ക് തോന്നി യിരുന്നില്ല. ഗാന്ധിജിയെ കുറിച്ച് പഠിച്ചറിഞ്ഞ് സാങ്കല്പികമായി മനസ്സിൽ നിറഞ്ഞ ഓരോ ചിത്രവും യാഥാർത്ഥ്യമായി വന്നതിന്റെ അഭിമാന നിമിഷങ്ങളായിരുന്നു, മനസ്സു നിറയെ. ആ ദിവസം രാത്രി മുഴുവൻ ബസ്സ് യാത്രയിലായിരുന്നു. ദണ്ഡിയിലെ പ്രഭാതം കിരണങ്ങൾ ഞങ്ങളെ സ്വീകരിച്ചു, അവിടെയുള്ള ഹോട്ടലിൽ ഫ്രഷായി ഭക്ഷണം മൊക്കെ കഴിച്ച് സ്റ്റാറ്റ്യൂ ഓഫ് യൂണിറ്റിയിലേക്ക് . വീണ്ടും ഏകദേശം ഒരു മണിക്കൂർ നീണ്ട യാത്ര . അവിടെ ഞങ്ങൾ ബസ്സിറങ്ങി കുറച്ച് ദൂരം നടന്ന് ഉള്ളിലേക്ക് കയറാനുള്ള ടിക്കറ്റുകൾ എടുത്തു . പിന്നെ അങ്ങോട്ട് അവിടുത്തെത്തന്നെ പ്രത്യേക ബസ്സാ യിരുന്നു. ബസ്സിൽ കയറി കുറച്ച് ദൂരം പിന്നിട്ടപ്പോൾ കുറേ പ്ലാസ്റ്റിക്ക് തെങ്ങുകൾ നിരന്ന് നിൽക്കുന്നുണ്ടായിരുന്നു.
അതിനിടയിലൂടെ ഞങ്ങളാ അത്ഭുതം ചെറുതായി കാണാൻ തുടങ്ങി . അതിന്റെ വലുപ്പം കൂടി കൂടി വന്നതോടെ എനിക്ക് മനസ്സിലായി ബസ്സിറങ്ങാൻ സമയമായെന്ന് പ്രതിമയുടെ അടുത്തേക്ക് നടക്കും തോറും ഞങ്ങളുടെ ഗൈഡ് അതിനെ കുറിച്ചുള്ള കാര്യങ്ങൾ ഞങ്ങൾക്ക് പറഞ്ഞു തരുന്നുണ്ടായിരുന്നു. ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ എന്നറിടപ്പെടുന്ന ശ്രീ സർദാർ വല്ലഭായ് പട്ടേലിന്റെ 182 മീറ്റർ ഉയരമുള്ള ആ പ്രതിമയുടെ മുഖ്യഭാഗവും വെങ്കലത്തിലായിരുന്നു നിർമ്മിച്ചത്. പ്ര തിമയുടെ അടിഭാഗത്ത് കൂടി ലിഫ്റ്റിൽ കയറി പ്രതിമയുടെ ഉൾഭാഗവും പിന്നെ അതിന്റെ ചെറിയ ചെറിയ വിടവിലൂടെ പുറത്തെ കാഴ്ചകളൊക്കെ കണ്ടു. പിന്നെ ഞങ്ങൾ അവിടെ നിന്നും ഗ്രീൻ ലാൻഡ് റിസോർട്ടിലേക്കാണ് പോയത്. പിറ്റേന്ന് 5-ാം ദിവസം ഞങ്ങൾ പുറപ്പെട്ടത് ചരിത്ര പ്രസിദ്ധമായ ഉപ്പു സത്യാഗ്രഹം നടന്ന ദണ്ഡി കടപ്പുറത്തേക്കായിരുന്നു. ബ്രിട്ടീഷുകാർ ഉപ്പിന് നികുതി ഈടാ ക്കാൻ തുടങ്ങിയതോടെ പാവപ്പെട്ട ജനങ്ങളെ അത് ബാധിച്ചപ്പോൾ ആ നിയമം ഇല്ലാതാക്കാൻ വേണ്ടി ഗാന്ധിജി നേതൃത്വം കൊടുത്ത് നടത്തിയ സമരപോരാട്ടം നടന്ന സ്ഥലം, ആ മഹാത്മാക്കളെ ഹൃദയത്തിൽ ഏറ്റു വാങ്ങി ഞങ്ങൾ ഉപ്പുസത്യാഗ്രഹം അവിടെ പുനരാവിഷ്കരിച്ചു. ഗാന്ധിജി

സബർമതി ആശ്രമം മുതൽ ദണ്ഡി കടപ്പുറം വരെ കാൽനടയായി വന്നപോലെ അത്ര ദൂരമില്ലെങ്കിലും ഞങ്ങളും 1 കി മീ ഓളം നടന്ന് കടപ്പുറത്തെത്തി . ഓരോരുത്തരും കൈകുമ്പിളിൽ നിറയെ കടൽവെള്ളം ശേഖരിച്ച് ചൂട്
പാത്രത്തിലേക്കൊഴിച്ചു .ഞങ്ങൾ തന്നെ ഉണ്ടാക്കിയ വിറകടുപ്പായിരുന്നു. പരി സരങ്ങളിൽ നിന്ന് വിറക് ശേഖരിച്ച് കത്തിച്ചാണ് ഉപ്പുവെള്ളം കുറുക്കി ഉപ്പാക്കി മാറ്റിയത്. എന്നെ സംബന്ധിച്ചെടുത്തോളം ഒരു അഭിമാന നിമിഷമായിരുന്നെങ്കിലും ഇത്രയും ചരിത്രപ്രസിദ്ധിയാർന്ന സ്ഥലം ഇപ്പോൾ മലിനപ്പെട്ട് കിടക്കുന്നത് എന്നെ അത്ഭുതപ്പെടുത്തി . ഗാന്ധിജി ഉൾപ്പെടെ മഹാത്മാക്കളുടെ പാദസ്പർശമേറ്റ കടപ്പുറത്തെ ഒരു പിടി മണൽ കൈയ്യിൽ എടുത്ത് ഞങ്ങൾ ദണ്ഡിയിൽ നിന്നും യാത്ര പറഞ്ഞു. ഗുജറാത്തിലെ ദിവസങ്ങളിലെ അവസാന ദിവസമായിരുന്ന അന്ന് കടപ്പുറത്ത് വച്ച് തന്നെ പ്രഭാത ഭക്ഷണവും കഴിച്ച് ഞങ്ങൾ പോയത് റയിൽവേസ്റ്റേഷനി ലേക്കായിരുന്നു വൈകുന്നേരത്തോടെ അവിടെ എത്തി ഗുജറാത്തിനോട് വിട പറഞ്ഞ് ഞങ്ങൾ 6 മണിക്ക് ഡൽഹിയിലേക്കുള്ള ട്രെയിൻ കയറി. പിറ്റേന്ന് ഡൽഹിയിലെ പ്രഭാതം കണ്ടുണർന്നു. ട്രെയിൻ ഇറങ്ങി ബസ്സിൽ ന്യൂഡൽഹിയിലെ
പേബ്ലോസ് ഇന്റർ നാഷണൽ ഹോട്ടലിലേക്ക് ആണ് പോയത്. ആ ഹോട്ടലിലാണ് ഡൽഹിയിലുള്ള ദിവസങ്ങളിൽ താമസിച്ചത്. ജി 20 ഉച്ചകോടി നടക്കുന്നതിനാൽ അവിടെ 144 പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. രാഷ്ട്രപതി ഭവനടക്കം പല പ്രധാന സ്ഥല ങ്ങളും ഞങ്ങൾക്ക് കാണാൻ സാധിക്കില്ല എന്ന കാര്യം വളരെ സങ്കടത്തോടെ അറിഞ്ഞു. ഹോട്ടലിൽ നിന്ന് ഫ്രഷായി ഉച്ചഭക്ഷണവും കഴിഞ്ഞ് ഡൽഹിയിലെ ഞങ്ങ ളുടെ ആദ്യ സ്ഥലമായ ”ഗാന്ധി സ്മൃതി ’ സന്ദർശിച്ച്, അവിടെ പൂക്കളർപ്പിച്ച്, മൗനമായി പ്രാർത്ഥിച്ച് കുറേ ഫോട്ടോകളൊക്കെ എടുത്ത് അവിടെ നിന്നിറങ്ങി .ഏകദേശം 15 മിനുട്ട് യാത്ര ചെയ്ത് എത്തിയത് ലോട്ടസ്സ് ടെംബിളിൽ ആയിരുന്നു. പേര് പോലെ തന്നെ രൂപവും താമരപ്പൂവു പോലെ . അതിന്റെ ഓരോ ഇതളും വെള്ള കോൺക്രീറ്റിലാണ് നിർമ്മിച്ചിട്ടുള്ളത്.



പുറംഭാഗം വെള്ള ഗ്രീക്ക് മാർബിളിൽ പൊതിഞ്ഞിരുന്നു. അതിനുള്ളിൽ പ്രവേശിച്ച് ഞങ്ങൾ 10 മിനുട്ടോളം പ്രാർത്ഥനയ്ക്കായിരുന്നശേഷം അവിടെയുള്ള ഒരു ഓഡിറ്റോറിയത്തിൽ പാട്ട് പാടുകയും ചരിത്രപ്രസിദ്ധമായ ഒരു സിനിമയുടെ 15 മിനുട്ട് ഭാഗവും കണ്ടു. ഒരുപാട് ഫോട്ടോകളെടുത്ത് അവിടത്തോട് വിട പറഞ്ഞു ഹോട്ടലിലേക്ക്.
ഡൽഹിയിലെ രണ്ടാം ദിവസം ഞങ്ങൾ കേരളീയ വേഷങ്ങളിൽ അതായത് ആൺകുട്ടികൾ മുണ്ടും ഷർട്ടും പെൺകുട്ടികൾ പാവാടയും ബ്ലൗസും ടീച്ചർമാർ സെറ്റും മുണ്ടും ഒക്കെ അണിഞ്ഞ് ഡൽഹി മെട്രോയിൽ കുത്തബ് മീനാറിലേക്ക് പോയി . പക്ഷേ ജി 20 നടക്കുന്നതിനാൽ അവിടെ പ്രവേശിക്കാനുള്ള അനുമതി കിട്ടി യില്ല. വളരെ ദൂരത്ത് നിന്ന് അതിനെ നോക്കി കണ്ട് കുറച്ച് ഫോട്ടോസും എടുത്ത് ഹോട്ടലിലേക്ക് തിരിച്ചു. ഉച്ചഭക്ഷണം കഴിഞ്ഞ് ഞങ്ങൾ പോയത് അക്ഷർദ്ധ അമ്പല ത്തിലേക്കാണ്. ബാഗും ഫോണും അടക്കാനുള്ള അനുവാദമുണ്ടായിരുന്നില്ല. കൊത്തു പണികളാൽ മനോഹരമായിരുന്ന അവിടം ദേവി ദേവൻമാരുടെ അനേകം പ്രതിമകൾ ഉണ്ടായിരുന്നു. 100 ഏക്കറിൽ കൂടുതൽ വ്യാപിച്ചുകിടക്കുന്ന ക്ഷേത്രമാണ് അവിടെ പ്രാർത്ഥിച്ചു. ഞങ്ങൾ ഹോട്ടലിലേക്ക് തിരിച്ചു. ഏകദേശം 8 മണിക്ക് എത്തിയ തിനുശേഷം കുറച്ച് ഷോപ്പിംഗ് നടത്തി ഒരു 9.30 ന് ഷോപ്പിംഗ് അവസാനിപ്പിച്ച് ഞങ്ങ ളുടെ ഗ്രൂപ്പിന്റെ ടീച്ചറായ റീഷ്മ ടീച്ചറിന്റെ വക ഒരു ട്രീറ്റിനായി പോയി. അടിപൊളി ആയിരുന്നു. ഡൽഹിയിലെ അന്നത്തെ സായാഹ്നം ഷോപ്പിംഗും ട്രീറ്റുമൊക്കെയായി സൂപ്പറായി.
3-ാം ദിവസം 3.30 ന് എഴുന്നേറ്റ് ഫ്രഷായി ഏകദേശം 4.30 ന് ഞങ്ങൾ പുറപ്പെ ട്ടത് സ്നേഹത്തിന്റെ അടയാളമായ ലോകത്തിലെ 7 അത്ഭുതങ്ങളിലൊന്നായ ഷാജ ഹാൻ ചക്രവർത്തിക്ക് അദ്ദേഹത്തിന്റെ പ്രിയ പത്നി മുംതാസിനോടുള്ള പ്രണയ ത്തിന്റെ അടയാളമായ താജ്മഹലിലേക്കാണ്. പുറപ്പെട്ട് ഏകദേശം 11 മണിയോടെ ബസ്സിറങ്ങി അവിടെ തന്നെയുള്ള പ്രത്യേക വാഹനത്തിൽ താജ്മഹലിലെ സെക്യൂരിറ്റി ചെക്കിങ്ങ് കഴിഞ്ഞ് അകത്ത് കയറി. ഞങ്ങളവിടെ എത്തിയപ്പോൾ തന്നെ ഞങ്ങളെ വരവേൽക്കാൻ മഴയിൽ

നനഞ്ഞു കുതിർന്ന് കൊണ്ട് താജ്മഹലും ഉണ്ടായിരുന്നു. ഷാജഹാൻ ചക്രവർത്തിയും, മുംതാസ് ബീഗത്തിന്റെയും ബലികുടീരങ്ങൾ ഞങ്ങൾ കണ്ടു. മനസ്സ് നിറഞ്ഞു ഞങ്ങൾ അവിടെ നിന്നിറങ്ങി ഭക്ഷണമൊക്കെ കഴിച്ച് കുറച്ച് ഷോപ്പിംഗ് ഒക്കെ ചെയ്ത് ഹോട്ടലിലേക്ക് തിരിച്ചു . ഡൽഹിയിലെ ഞങ്ങളുടെ അവസാനത്തെ ദിവസമായിരുന്നു. ആ ദിവസം രാത്രി അവിടയുള്ള എന്റെ മാമനും ആന്റിയും അവരുടെ വാവയും ഞാൻ താമസിക്കുന്ന ഹോട്ടലിൽ എന്നെ കാണാനായി വന്നിരുന്നു. ഏകദേശം ഒരു മണിക്കൂറോളം അവരുമായി ചിലവഴിച്ചു. അന്ന് രാത്രി ഞങ്ങൾ ഉറങ്ങിയില്ല. പിറ്റേന്ന് രാവിലെ നാട്ടിലേക്ക് പോവാനായി ഡൽഹി റയിൽവേ സ്റ്റേഷനിൽ അല്പം വൈകിയാണ് എത്തിയത്. ഇത്തിരികൂടെ വൈകിയിരുന്നെങ്കിൽ ട്രെയിൻ മിസ്സാകുമായിരുന്നു. ലഗേജുകളൊക്കെ എടുത്ത് ഓടി ഒരുവിധം ട്രെയിനിൽ കയറിപറ്റി . അവരവരുടെ സീറ്റ് നമ്പർ നോക്കിയിരുന്നു, ഇനി നാട്ടിലേക്ക്. ഒരു ദിവസം യാത്രയ്ക്ക് പോവാൻ താത്പര്യമുണ്ടോന്ന് ചോദിക്കുന്നു, പിന്നീടതുമായി ബന്ധപ്പെട്ട് നടന്ന ശില്പശാലകളിൽ ഇതുവരെ കാണാത്ത കുറേ കുട്ടികളെ കാണുന്നു. പരിചയപ്പെടുന്നു, പിന്നെ 13 ദിവസത്തെ യാത്രയിൽ ഞങ്ങൾ പരസ്പരം സഹായിച്ചും സാന്ത്വനിപ്പിച്ചും, സന്തോഷിച്ചും ഒരേ മനസ്സോടെ, ഒരേ തീരുമാനത്തോടെ കോഴിക്കോടിന്റെ അഭിമാനതാരങ്ങളായി സ്ഥലങ്ങൾ സന്ദർശിച്ച്, അറിവുകൾ ശേഖരിച്ച് ഒരു കുടുംബമായിമാറി, അതിലുപരി ഗാന്ധിജിയെ കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ സാധിച്ചതിൽ സന്തോഷവും അഭിമാനവും തോന്നി. പുസ്തകത്തിൽ പഠിച്ച തിലും ഉപരി എത്രയോ ഉയരത്തിലാണ് അദ്ദേഹം, നമ്മളിലൊരാളായി നിന്നുകൊണ്ട് അഹിംസ എന്ന പാതയിലൂടെ സൂര്യനസ്തമിക്കാത്ത രാജ്യത്തെ മുട്ടുകുത്തിച്ച മഹാൻ. ഗാന്ധിജിക്ക് തുല്യം ഗാന്ധിജി മാത്രം, ഇനിയൊരു ഗാന്ധിജി ഈ മണ്ണിൽ പിറക്കില്ല എന്നുതന്നെ പറയാം . ഗാന്ധിജി ഇന്ത്യയിൽ മാത്രമല്ല ലോകം മുഴുവൻ അറിയപ്പെടുന്ന ഒരു മഹത്‌വ്യക്തിയാണ്. മതഭ്രാന്തന്റെ തോക്കിൻ കുഴലിൽ ജീവൻ വെടിഞ്ഞെങ്കിലും ലോകത്ത് ഹൃദയമുള്ള ഓരോ വ്യക്തിയുടെ മനസ്സിലും അദ്ദേഹം മരിച്ചിട്ടില്ല. അദ്ദേഹത്തിന്റെ പാതപിൻതുടർന്നു കൊണ്ട് നമുക്കും ഈ ലോകം ധന്യമാക്കാൻ ശ്രമിക്കാം . ട്രെയിനിൽ 2 ദിവസത്തിനു ശേഷം കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ ഇറങ്ങി. ഏകദേശം രാവിലെ 8 മണി കഴിഞ്ഞിരുന്നു. അവിടെ ഞങ്ങളെയും കാത്ത് ഞങ്ങളുടെ പ്രിയപ്പെട്ട മാതാപിതാക്കൾ ഉണ്ടായിരുന്നു. ഗാന്ധിയൻ ആദർശങ്ങൾ മറ്റുള്ളവർക്ക് പകർന്ന് നൽകുമെന്ന പ്രതീക്ഷയോടെ ഞങ്ങളോരോരുത്തരും വീടുകളിലേക്ക്.....




ലാൽ കൃഷ്ണൻ
9A



# അടിമപ്പെട്ട പുതുതലമുറ

ഇന്നീ ലോകത്ത് നടക്കുന്നത് ഒരിക്കലും നാം ചിന്തിക്കാതെ സംഭവങ്ങളാണ് .പെട്ടെന്നൊരു കാലത്ത് ഓരോ വിദ്യാർത്ഥിയുടെ ജീവിതത്തിലേക്ക് ഇടിച്ച് കയറിയ ചില സാമൂഹിക മാധ്യമങ്ങൾ അവയുടെ സ്വാധീനം വിദ്യാർത്ഥികളെ മാനസികമായി തളർത്തിയിരിക്കുന്നു.ഇന്ന് ലോകത്തിലെ എല്ലാ മേഖലകളിലെയും ഓരോ കുട്ടിയും സാമൂഹിക മാധ്യമങ്ങൾക്ക് അടിമപ്പെട്ടിരിക്കുകയാണ് എന്നതിൽ ഒരു സംശയവുമില്ല.മായാജാലങ്ങളുടെ ലോകത്താണ് അവർ ഇപ്പോൾ എന്നതാണ് സത്യം. എന്താണ് സത്യം, എന്താണ് അസത്യം എന്ന് തിരിച്ചറിയാൻ കഴിയാത്ത അവസ്ഥ.ലോകത്തിലെ ഏറ്റവും നല്ല പ്ലാറ്റ്ഫോമാണ് സാമൂഹ്യ മാധ്യമങ്ങൾ ഇന്നെന്തും വിരത്തുമ്പിലെത്തിക്കാൻ അവയ്ക്ക് കഴിയും എന്തുകൊണ്ടും വളരെ പ്രയോജകമായ ഒന്നാണ് അത്, എന്നാൽ ദുരുപയോഗം ചെയ്ത് അതിൻറെ നന്മ ഏറ്റവും കൂടുതൽ പേടിയോടെയും ജാഗ്രതയോടെയും ഉപയോഗിക്കേണ്ട ഒന്നാണ് സാമൂഹിക മാധ്യമങ്ങൾ വിദ്യാർത്ഥികളെ ഇതെങ്ങനെ സ്വാധീനിച്ച് എന്നത് വളരെ ഗൗരവമേറെ ഒന്നാണ് എല്ലാ വിവരങ്ങളും നമുക്ക് ഈ മാധ്യമങ്ങളിലൂടെ ലഭിക്കുന്നു എന്നാൽ ഇതൊക്കെ ഉള്ളത് നമ്മുടെയൊക്കെ ഫോണുകളിലാണ് ഇതിൽ ഇങ്ങനെ മണിക്കൂറുകൾ സമയം ചെലവഴിക്കുന്നത് തലച്ചോറിനെയും ഒപ്പം മനസ്സിനെയും ഒക്കെ താളം തെറ്റിക്കുന്നു.ഓരോ സമയവും സാമൂഹിക മാധ്യമങ്ങളിൽ ചെലവഴിക്കുന്നത വീട്ടിലെ കുടുംബാംഗങ്ങളോട് ചെലവിടുന്നതിനേക്കാൾ ആനന്ദകരമായ ഒന്നായി അവർക്ക് തോന്നുന്നു ഇത് വിദ്യാഭ്യാസത്തെയാണ് കൂടുതലായും ബാധിക്കുന്നത് മാസികമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതിനാൽ പഠനത്തിലെ ഏകാഗ്രത പഠനത്തോടുള്ള താൽപര്യം എന്നിവ ഇല്ലാതാക്കുന്നു , പഠനത്തിന് പുറമേ വിദ്യാർത്ഥികൾ യൂട്യൂബ് ഇൻസ്റ്റഗ്രാം എന്നിവയിലേക്ക് മണിക്കൂറുകൾ സ്ക്രോൾ ചെയ്ത് സമയം ചെലവഴിക്കാനുള്ള താൽപര്യം ഉണ്ടാകുന്നു .ഇപ്പോൾ സാമൂഹിക മാധ്യമങ്ങളുടെ യഥാർത്ഥ പ്രശ്നം എന്നത് ഉപയോഗിക്കുമ്പോൾ ഇതിന്

അടിമപ്പെടുന്നു എന്നതാണ് .പൂർണ്ണമായും ഒരിക്കലും വിട്ടുമാറാൻ കഴിയാത്തത്ര ബന്ധം ഇവയുമായി ഉണ്ടാകുന്നു മനസ്സിന്റെ നിയന്ത്രണം പിന്നീട് സാമൂഹിക മാധ്യമങ്ങൾ ആയിരിക്കും നിയന്ത്രിക്കുക ഇതിലൂടെ ഒരു വിദ്യാർത്ഥിയുടെ അല്ലെങ്കിൽ ഏതൊരു വ്യക്തിയുടെയും സ്വഭാവം വല്ലാതെ മാറുന്നാതായിട്ടാണ് കണ്ടുവരുന്നത് .വിദ്യാർത്ഥികളിൽ ആണ് ഈ മാറ്റം കൂടുതലായും കാണപ്പെടുന്നത് കൗമാരപ്രായക്കാരായ വിദ്യാർത്ഥികൾ പല ചതിക്കുഴികളിലേക്കും എത്തിപ്പെടുന്നു



ഒരു മനുഷ്യൻറെ സ്വഭാവത്തിൽ മാറ്റം വരുന്ന ഏറ്റവും പ്രധാനമായ സന്ദർഭമാണ് കൗമാരം. കോവിഡ് അത് നമ്മെ വീടുകളിൽ അടച്ചിട്ട് കാലമായിരുന്നു.സാധാരണ ജീവിതം നയിച്ച വിദ്യാർത്ഥികളിൽ ഈ കാലത്തോടെ വല്ലാത്ത മാറ്റങ്ങൾ കണ്ടു തുടങ്ങി മുതിർന്നവർ മാത്രം ഉപയോഗിക്കുന്ന ഫോണും അതിലെ സാമൂഹിക മാധ്യമങ്ങളും കുട്ടികളുടെ കൈകളിലേക്ക് എത്തപ്പെട്ടു. പഠനം മുന്നോട്ടു കൊണ്ടു പോകാൻ മറ്റു വഴികൾ ഇല്ലാത്തതിനാൽ .എന്നാൽ ആ പിഞ്ചു മനസ്സുകളെ ഒരു പരുന്ത് വന്ന് റാഞ്ചി എടുക്കുന്നതുപോലെ ഒരു മായാജാല ലോകത്തേക്ക് കൊണ്ടു പോയി ഈ മാധ്യമങ്ങൾ ഉപയോഗിക്കാനുള്ള അവസരം ദുരുപയോഗം ചെയ്യാൻ തുടങ്ങി പല ബന്ധങ്ങളും ഇതിലൂടെ വളർന്നു ഇതുവരെ കണ്ടിട്ടില്ലാത്തവരുമായി ബന്ധപ്പെടാൻ കഴിയുന്ന വിധത്തിലുള്ള ഈ കാലത്ത് ആ വിദ്യാർത്ഥികൾ യാഥാർത്ഥ്യം എന്തെന്ന് മനസ്സിലാക്കാതെ ചതിക്കുഴികളിലേക്ക് വീഴുന്നു തന്റെ മക്കളെ വിശ്വസിച്ചിരുന്ന ഓരോ മാതാപിതാക്കളും ചതിക്കപ്പെട്ടു ചില വിദ്യാർത്ഥികൾക്ക് ഇത് ഉപയോഗിച്ചില്ലെങ്കിൽ മാനസികമായ പല ബുദ്ധിമുട്ടുകൾ ഉണ്ടാക്കാൻ തുടങ്ങി. ശാരീരികമായും മാനസികമായും പുതുമാധ്യമങ്ങൾക്ക് കീഴടങ്ങി അവർ തിരിച്ചുവരാൻ കഴിയാത്ത രീതിയിൽ

ഈ മാധ്യമങ്ങളാൽ ഒരുപാട് പിഞ്ചു ജീവനുകൾ യഥാർത്ഥ ലോകം എന്തെന്ന് തിരിച്ചറിവ് പോലും ഇല്ലാതെ തൻറെ ജീവിതം പൂർണമായും ജീവിച്ചു തീർക്കാൻ കഴിയാതെ മരണത്തിന് കീഴടങ്ങിയവരുണ്ട്.കൊല്ലിച്ചതാണ് ഓരോ വിദ്യാർത്ഥികളെയും ആത്മഹത്യയ്ക്ക് പ്രേരിപ്പിച്ചു. സത്യം എന്തെന്നറിയാതെ ലോല മനസ്സായ് അവർ ഈ ലോകത്തോട് വിട പറഞ്ഞു.സാമൂഹ്യ മാധ്യമങ്ങളിൽ കൂടുതൽ ചെലവഴിച്ചതിന് ശകാരിച്ചത് സഹിക്കാതെ ,തനിക്ക് പുതിയൊരു ഫോൺ നൽകാത്തതിനാൽ പിണങ്ങി ഇതൊക്കെയാണ് മരണകാരണങ്ങൾ.പെട്ടെന്ന് പ്രകോപിതമായി നിയന്ത്രിക്കാനാവാത്ത ദേഷ്യം ,വല്ലാതെ സങ്കടം തോന്നുക എന്നിവയൊക്കെയാണ് ഇതിന് അടിമപ്പെട്ടതിന്റെ ലക്ഷണങ്ങൾ.വിദ്യാർത്ഥികളുടെ ലഹരി ഉപയോഗം ചർച്ചയായ ഒരു വിഷയമാണ് അതിലൊരു പങ്ക് ഈ പൊതുമാധ്യമങ്ങൾക്കുമുണ്ടാകാം കാരണം ഇതിനോട് പ്രേരിപ്പിക്കുന്ന പല വാർത്തകളും കൂട്ടുകെട്ടുകളും ആണ് പ്രശ്നം മോശം കൂട്ടുകെട്ടുകളിലൂടെയാണ് പുതിയ ശീലങ്ങൾക്ക് തുടക്കം കുറിക്കുന്നത് .

എല്ലാം മനുഷ്യരെയും ഈ മാധ്യമങ്ങളുടെ മത്ത് പിടിപ്പിക്കുന്ന ലഹരി ഉണ്ടാക്കുന്നു എന്നാൽ അത് കൂടുതൽ സ്വാധീനിക്കുന്നത് വിദ്യാർത്ഥി സമൂഹത്തെയാണ്.ഈ ലോകത്തിൻറെ ഭാവി വാഗ്ദാനങ്ങൾ ആണ് ഓരോ വിദ്യാർത്ഥികളും .ഇനി വരുന്ന കാലഘട്ടത്തിലെ പൊന്നോമനകൾ നാടിൻറെ സ്വപ്നം എല്ലാം ഈ വിദ്യാർത്ഥികളാണ് അവർ ഈ ചതിക്കുഴിയിൽ പെട്ടുപോയാൽ അവസാനിക്കുന്നത് ഈ നാടിൻറെ ഭാവിയാണ് .ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യേണ്ട ഒരു വിഷയം തന്നെയാണ്. സാമൂഹ്യ മാധ്യമങ്ങളുമായുള്ള ബന്ധം .അതിന്

പരിഹാരം ഉണ്ട് മനസ്സാൽ ഒന്ന് തയ്യാറെടുത്താൽ ഈ ലഹരിയെ നമുക്ക് പാടെ ഒഴിവാക്കാൻ കഴിയും എന്നതാണ് .അതിനായി ഒരുപാട് ബോധവൽക്കരണ ക്ലാസുകളും ഗുണദോഷങ്ങൾ പറഞ്ഞു കൊടുക്കുകയും ഇതിന്റെ ഉപയോഗം കുട്ടികളിൽ ഒരിക്കലും പാടില്ലാത്തതാണ് എന്ന് മനസ്സിലാക്കി കൊടുക്കാൻ ഓരോ മാതാപിതാക്കൾക്കും കഴിയണം. ഒരിക്കലും ശകാരിക്കരുത് ,അവരോട് ആജ്ഞാപിച്ച പറഞ്ഞാൽ അവർക്ക് മനസ്സിലാവണം എന്നില്ലാത്ത പ്രായമാണ് .സ്നേഹത്തോടെയും കരുതലോടെയും മനസ്സിലാക്കികൊടുക്കുക ,അവർക്ക് മനസ്സിലാകും. സാമൂഹ്യ മാധ്യമം എന്നത് ഓരോ വ്യക്തിക്കും ഉയരാനുള്ള മേഖല കൂടിയാണ് എങ്ങനെ അത് വ്യക്തമായി ഉപയോഗിക്കാം എന്നത് മനസ്സിലാക്കി കൊടുക്കണം . ഒരുപാട് സാധ്യതകൾ കൂടിയുള്ള ഒരു മേഖലയാണ് ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണ് ഈ മാധ്യമങ്ങൾ ഗുണവും ദോഷവും ഉണ്ട് എവിടെ അത് കൃത്യമായി ഉപയോഗിക്കുന്നു എന്നതിലാണ് ഇതിൻറെ വിജയം അപ്പോൾ വിദ്യാർത്ഥി സമൂഹം ഈ സാമൂഹ്യ മാധ്യമങ്ങളിലൂടെ വിജയത്തിൻറെ കൊടുമുടി കീഴടക്കും



- ദേവാനന്ദ ആർ പ്രശാന്ത് -
10- C



# माँ

प्यारी प्यारी माँ मेरी
बिल्कुल ईश्वर का धन ।
इस धरती पर सब जगह देखो
असली मेहनत करता वाली
हमारी माँ ही ज़रूर ।
अंत नहीं है माँ की प्यार की ,
देते हैं वह सब प्यार हमको ।

तैरते ही प्रसन्न होकर,हम सब
माँ की प्यार से रूपी सागर में।
अपना जिंदगी का रास्ता को
सही बनाता द प्यारी माँ ।
हमारा जिंदगी का अंधकार को

प यार रूपी रोशनी से ठीक
करतो माँ ।
इस धरती पर सब जगह देखो
माँ से अमूल्य और कुछ नहीं।
गलत रास्ता से जब हम चलो
सही रास्ता दिखाता माँ ।

पहली गुरुनाथ माँ
अच्छी बातें सिखाते माँ ।
इस धरती पर जीवन दिया माँ
को धन्यवाद , धन्यवाद ,
धन्यवाद प्यारी प्यारी मां
मेरी....



# പക്ഷികളുടെ പറുദീസ

## യാത്രാവിവരണം

പക്ഷികളുടെ പറുദീസ എന്നറിയപ്പെടുന്ന തട്ടേക്കാട് പ്രശസ്തമായ നിരീക്ഷകനായ സലീം അലിയുടെ പേരിൽ അറിയപ്പെടുന്നത് സ്നേഹികളുടെ മനസ്സിൽ എന്നും നിറഞ്ഞുനിൽക്കുന്ന ഒരു കാഴ്ചയാണെന്ന് തന്നെ പറയാം. തട്ടേക്കാട് പക്ഷി സങ്കേതം ഞങ്ങളുടെ സ്ഥലത്തിൽ നിന്നും 16 കിലോമീറ്റർ ദൂരമുണ്ടാകും ഇവിടെ പോകുന്നതും ഞാനും എന്റെ കുടുംബവുമാണ് ഒരു അവധിക്കാലം ചൊവ്വാഴ്ചയാണ് ചൊവ്വാഴ്ച ഒരു കാറിലാണ് ഞങ്ങളുടെ യാത്ര പക്ഷികളെ നിരീക്ഷിക്കാൻ അനുയോജ്യമായ പുലർച്ചയാണ് ഞങ്ങൾ പോയത് ഒരു മണിക്ക് സൂര്യോദയത്തിന് തൊട്ടുമുമ്പ് അവിടെ കയറിയപ്പോൾ തന്നെ പല രീതിയിലുള്ള പല പക്ഷികളുടെയും പാട്ട് അതിമനോഹരം ആയിരുന്നു അവിടെയുള്ള പക്ഷികളിൽ കുറെ പക്ഷികൾ വംശനാശം ഭീഷണി നേരിടുന്നവയാണ് ഓരോ കാലടി വയ്ക്കുമ്പോഴും ഓരോ വ്യത്യസ്തമായ കാഴ്ചയാണ് ഒരു കൊച്ചു കൈത്തോടി പലനിറത്തിലുള്ള മീനുകൾ ഉദ്യാനത്തിൽ പല വർണ്ണത്തിലുള്ള ഉടുപ്പിട്ടു നിൽക്കുന്ന ചിത്രശലഭങ്ങൾ ഒരു കൊമ്പിൽ നിന്ന് മറ്റൊരു കൊമ്പിലേക്ക് പറക്കുന്ന പക്ഷികളും ഇവയുടെയൊക്കെ നടുവിൽ വിശാലമായ പൂന്തോട്ടവും അവയിൽ നിന്നും ചിത്രശലഭങ്ങൾ തേൻ കുടിക്കുന്ന ആ കാഴ്ച കാണാൻ തന്നെ അതിമനോഹരമായ ഈ ചിത്രശലഭങ്ങളുടെ പിന്നാലെ ഓടുന്ന കൊച്ചു കുട്ടികളും അവയെ പിടിക്കാൻ കിട്ടാതിരുന്നത് കുട്ടികളും അവിടെ ഉണ്ടായിരുന്നു പലനിറത്തിലുള്ള ചിത്രശലഭവും അവയുടെ ചെലവുകൾ വീശി പൂവിന്റെ തേൻ കുടിക്കാൻ പോകുന്ന കാഴ്ച മനസ്സിന് കുളിർമ നൽകുന്ന കാഴ്ചയാണ് ഈ പൂമ്പാറ്റകൾക്ക് പറക്കാനും വിശ്രമിക്കാനും പ്രകൃതി തന്നെ തീർത്ത മരങ്ങളിൽ നിന്നും മരങ്ങളിലേക്ക് ഊഞ്ഞാലുകളും അവിടെ ഉണ്ട്. അനേകം അപ്പൂപ്പൻതാടി പറന്നു നടക്കുമ്പോൾ സ്വതന്ത്രമായ പക്ഷികളെ പോലെ ഉണ്ട് എല്ലാ കൈത്തോടുകളുടെയും ഇടയ്ക്ക് കൊച്ചു മരത്തടി വെച്ചുള്ള ഒരു പാലവും ഉണ്ട് ഈ പ്രകൃതിരമണീയമായ കാഴ്ചയൊക്കെ കണ്ടു ഞങ്ങൾ വൈകുന്നേരം നാലുമണിക്ക് മടങ്ങി.

അഭിരാമി
9 B

# ~*നിഴൽ*



സമയം പുലർച്ചെ അഞ്ചുമണി എന്തോ ഒരു വേദന അവളിലെ അവളെ നിഴൽ പോലെ പിന്തുടരുന്നുണ്ട് മട്ടുത്തു. ജീവിതത്തിന്റെ യാതനകൾ അവളെ കൂടുതൽ ക്ഷീണിതയാക്കി." എന്നെന്നേക്കുമായി ജീവിതം അവസാനിപ്പിച്ച് ഒരു പുക പോലെ ഈ ഭൂമിക്ക് ചുറ്റും പാറി നടക്കണം"എന്നവൾ ആരോടെന്നില്ലാതെ പറഞ്ഞു തോട്ടുവക്കത്ത് എത്തിയ അവളോട് എന്തിന് എന്തിന് എന്ന് ഇല കൈകൾ ചോദിച്ചു.സൂര്യനുദിച്ച് വരുന്നതേയുള്ളൂ ഇലകളും ചെടികളും പ്രകൃതിയുടെ സ്നേഹനീരിൽ കുളിച്ചു നിൽക്കുകയായി.ഒരു കൂട്ടം പൂത്താങ്കിരികൾ പാറിവന്ന് ഭൂമിയെ തൊട്ടു. ഗുളിക പുഴയുടെ താളാത്മക ഗാനം,അവൾ കുറച്ചുനേരം അങ്ങനെ പകച്ചിരുന്നു.അനുവദിക്കില്ല നീയല്ലേ അവൾ പ്രകൃതിയോട് ഇല്ല എന്നൊരു ഇളം കാറ്റിലൂടെ അവളെ തഴുകി മറുപടിയും.അവൾ
പതിയെ എഴുന്നേറ്റു .വീട്ടിൽ വന്ന് തന്റെ ഭാണ്ഡവും എടുത്തൊരു യാത്ര. അനേകം കാദങ്ങൾക്കപ്പുറത്തുനിന്ന് സൂര്യപ്രകാശം ഭൂമിയെ തഴുകി,തന്റെ പ്രണയം അത് ഭൂമിയെ അറിയിച്ചു . ധാരാളം പട്ടണങ്ങൾ, നാട്ടുകൾ ,വിവിധതരം കാഴ്ചകൾ .കാറ്റും കോളും നിറഞ്ഞ എൻറെ ജീവിതം പ്രകൃതി ഒരു മഴയാക്കി മാറ്റി അവൾ പ്രകൃതിയുടെതാണ് പ്രകൃതി അവളുടെയും....!

-നീലാഞ്ജന-



# കുറ്റവും ശിക്ഷയും

ചേട്ടാ ഒന്നിങ്ങു വന്നേ,സുമയാണ് ... എന്താണോ ഇന്നത്തെ പ്രശ്നം ?വീടിന്റെ ഉമ്മറത്തിരുന്ന് പത്രം വായിച്ചുകൊണ്ടിരുന്ന ഞാൻ കാര്യം അറിയാൻ അകത്തേക്കു ചെന്നു.അപ്പോൾ അവിടെ എന്റെ ഒരു പഴയ പോലീസ് പെട്ടിയിൽ നോക്കി മുഖം ചുളിച്ച് അവൾ നിൽക്കുന്നു.എന്നെ കണ്ട അവൾ എന്റെ നേരെ ചാടി .ചേട്ടന് വേണ്ടതെല്ലാം മാറ്റി വച്ചിട്ട് വേണ്ടാത്തത് ഇങ്ങു തന്നേ. കുടുംബശ്രീക്കാര് വരുമ്പോൾകൊടുക്കാം.അതിലൊന്നു പോലും മാറ്റിവെക്കാൻ മനസ്സ് അനുവദിക്കുന്നില്ല.എല്ലാം ഒരോ ഓർമ്മകളാണ്.എൻറെ നിസ്സഹായ അവസ്ഥയ്ക്കു മുകളിലൂടെ അവളൊരു നോട്ടം വായിച്ചിട്ട് അടുക്കളയിലേക്ക് പോയി.ഞാൻ മെല്ലെ പെട്ടി തുറന്നു .പെട്ടിയുടെ അവിടിവിടെ ഒക്കെ മാറാല പിടിച്ചിട്ടുണ്ട്.അതൊക്കെ മാറ്റി കൈ അകത്തേക്കിട്ടപ്പോൾ എന്തോ തടഞ്ഞു.ഞാൻ മെല്ലെ അതിനെ പുറത്തേക്കെടുത്തു.ഒരു കത്താണ് ഞാൻ അതൊന്നു വായിച്ചു ,ആൻറണി ഏതാണ്ട് 30 വർഷങ്ങൾക്കു മുൻപ് അന്ന് ഞാൻ പൂജപ്പുസെൻട്രൽ ജയിലിൽ സേവനമനുഷ്ഠിക്കുമ്പോൾ ഒരുവനെ കാണാനിടയായി. ആന്റണി അവനായിരുന്നു അത്.കഴുമരവും കഴുമരവും കാത്ത് ജീവിതം എണ്ണി നീക്കുന്ന ഒരു
കൊലയാളി .സാധാരണ പ്രതികളെ വിദ്വേഷപൂർവ്വം കാണാറുള്ള എന്റെ മനസ്സ് അവനിൽ ചെറുതായ ഒരു ആകർഷണം പ്രകടിപ്പിച്ചു. എന്നാൽ അവനോട് സംസാരിക്കാൻ എന്റെ അപകർഷതാബോധം അനുവദിച്ചില്ല.പിന്നെയും കുറെ നാളുകൾ  ഴിഞ്ഞു.ഞാൻ അവനെ നിരീക്ഷിക്കാൻ തുടങ്ങി.ഒരിക്കലും അവൻ മറ്റ് തടവുകാരുമായി ഇടപഴകുന്നത് ഞാൻ

കണ്ടിട്ടില്ല.എപ്പോഴും ഇരുമ്പഴിക്കുള്ളിലെ നിശബ്ദതയിലും അന്ധകാരത്തിലും എന്തെങ്കിലും പറഞ്ഞു കൊണ്ടിരിക്കും.ചിലപ്പോൾ ആരിൽ നിന്നും ലഭിക്കാത്ത കരുണയും കരുതലും അവന് ആ ഏകാന്തതയിൽ നിന്ന് ലഭിച്ചിരിക്കാം.ഒരു ദിവസം അവൻ എൻറെ അരികിലേക്ക് വന്നു. എന്നോട് സംസാരിച്ചു.പിന്നീടങ്ങോട്ട് ആ കൂടിക്കാഴ്ച ഒരു സ്ഥിര കാഴ്ചയായി മാറി.അവന് എല്ലായിപ്പോഴും എന്നോട് എന്തെങ്കിലും പറയാനുണ്ടാവും.ഇത്രയും കാലം അവൻ മൂടികെട്ടിയഎല്ലാ ചിത്രങ്ങൾ എനിക്ക് മുമ്പിൽ വരച്ചു കിട്ടി.കാരണം അവൻ എന്നെ അത്രയധികം വിശ്വസിച്ചിരിക്കാം.ഒരിക്കൽ അവൻ അവൻറെ കഥ എന്നോട് പറഞ്ഞു.

ഒരു നാടിനെ മുഴുവൻ വിറപ്പിച്ച് അവൻറെ കറുത്ത കരങ്ങൾ എന്നെ അമ്പരപ്പിച്ചു .പിടഞ്ഞുവീണ ഒരു പാട് ജീവനുകളുടെ കഥ പറയാനുണ്ട്.അവൻറെ വടിവാളിന് എതിർത്തവരെയെല്ലാം മണ്ണിൽ ലയിപ്പിച്ച കഥ.അന്ന് ആൻറണി എന്ന ഒരു പേരു മതിയായിരുന്നു ഒരുവനെ പിന്തിരിപ്പിച്ച് ഓടിക്കാൻ .എന്നാൽ പിന്നീട് കഥ മാറി.ഇരുണ്ട അവൻറെ ജീവിതത്തിൽ ഒരു മെഴുകുതിരി നാളമായി അവൾ അവൻറെ ജീവിതത്തിലേക്ക് കടന്നുവന്നു.പ്രണയം കൊണ്ട് ഏത് ചെകുത്താനെയും ഈശ്വരനാക്കാം എന്ന് തെളിയിച്ചവൾ അന്ന. അവളുടെ വരവോടെ ആൻറണി ഒരു വെള്ളരിപ്രാവായി മാറാൻ തുടങ്ങി.എന്നാൽ ആ പ്രണയം അധികനാൾ നീണ്ടു നിന്നില്ല.പണ്ട് ബാക്കിവച്ച ഏതോ ജീവൻ പ്രതികാര ബുദ്ധിയോടെകൂടുതൽ ശക്തനായി അവൻറെ മുന്നിലെത്തി.തന്റെ ജീവിതത്തിനു വേണ്ടിയും തന്നെ ജീവനുതുല്യം സ്നേഹിച്ചവരുടെയും ജീവനും വേണ്ടി അവൻ പഴയ ജീവിതത്തിലേക്ക് മടങ്ങി.അവനെ ഇല്ലാതാക്കാൻ വന്നവരെ ഓരോരുത്തരെ അവൻ ഉന്മൂലനം ചെയ്തു.ആ രക്തച്ചൊരിച്ചിൽ അവൻറെ ആയുധത്തിന്G അറിയാതെയാണെങ്കിലും അവളും ഇരയായി . അവൾ അവൻറെ മുന്നിൽ കിടന്ന് പിടയുന്നത് അവൻ കണ്ടു. അവനൊന്നും ചെയ്യാനില്ലായിരുന്നു.അവളെ നോക്കി നിൽക്കുകയല്ലാതെ .ആദ്യമായി ഒരാൾ തനിക്കുവേണ്ടി തന്നെ സ്നേഹിച്ചു എന്ന് ഒരൊറ്റ തെറ്റ് കൊണ്ട് പിടഞ്ഞു മരിച്ചു.അത് അവൻറെ മനസ്സിനെ തളർത്തി.അവളുടെ മരണശേഷം ചോരപുരണ്ട കത്തിയുമായി അവൻ പോലീസിൽ കീഴടങ്ങി.കോടതിയിൽ കുറ്റം ഏറ്റു പറഞ്ഞു.ശിക്ഷയായി തൂക്കുകയർ കിട്ടി.ഇന്നിവിടെ തന്റെ ജീവിതം എണ്ണി അവൻ ജീവിക്കുന്നു.



അവൻറെ കഥ കേട്ട് എനിക്ക് അവനോടുള്ള സ്നേഹവും ബഹുമാനവും വർദ്ധിച്ചു.അത് അവൻ ഒഴുക്കിയ ചോരപ്പുഴ ഓർത്തല്ല.ചെയ്തുപോയ തെറ്റ് മനസ്സിലാക്കി അർഹമായ ശിക്ഷ സ്വീകരിക്കാൻ തയ്യാറായി. ആ മനസ്സ് കാരണംഞങ്ങൾ വീണ്ടും പല ദിവസങ്ങളിലായി സംവാദങ്ങളിൽ ഏർപ്പെട്ടു. ഓരോ ദിവസം കഴിയുംതോറും അവൻ എന്നിലേക്ക് അടുക്കുകയായിരുന്നു .അവനെ സ്വന്തം മകനായി എൻറെ മനസ്സ് അംഗീകരിച്ചു.ജയിലിലെ നല്ല നടപ്പും ആനുകൂല്യങ്ങളും അവനു ലഭിച്ചിരുന്നു.അതിനെ സാക്ഷി നിർത്തി അവനു വേണമെങ്കിൽ ശിക്ഷയിൽ ഇളവ് വാങ്ങാൻ സാധിക്കുമായിരുന്നു എന്നാൽ അവൻ അതിന് ശ്രമിച്ചില്ല.

അവൻറെ കണ്ണുകളിലേക്ക് നോക്കാതിരിക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കരകവിഞ്ഞൊഴുകാറായ ജലസംഭരണിയെ തകർത്തെറിയാൻ അവന്റെ നോട്ടത്തിലെ തീക്ഷ്ണതയ്ക്ക് സാധിക്കുമെന്ന് ഞാൻ മനസ്സിലാക്കിയിരുന്നു. അപ്പോഴേക്കും എന്റെ ഡ്യൂട്ടി അവസാനിച്ചു. പകരം ആൾ ഡ്യൂട്ടിക്ക് എത്തി. ഞാൻ അവസാനമായി ഒന്നുകൂടി നോക്കി

അവിടെ നിന്ന് മെല്ലെ നടന്നകന്നു. ഞാൻ പോലീസുകാരുടെ വിശ്രമമുറിയിലേക്ക് ചെന്നു. ഉള്ളാകെ കലങ്ങി മറയുകയായിരുന്നു. ഞാനറിയാതെ അവിടെക്കിടന്ന് മയങ്ങിപ്പോയി. ആരോ അടുത്ത് വന്ന് തട്ടിയപ്പോഴാണ് ഉറക്കമുണർന്നത്. തട്ടി വിളിച്ചയാൾ വളരെയധികം ആവേശത്തോടെ എന്നോട് പറഞ്ഞു. ശിക്ഷ നടപ്പിലായി. എൻറെ ഹൃദയം നടുങ്ങി. എന്തു പറയണമെന്ന് അറിയാതെ ഞാൻ ശില പോലെ ഉറച്ചു പോയി. അയാൾ വീണ്ടും എന്തൊക്കെയോ പറയുന്നുണ്ട്.ഒന്നും വ്യക്തമാകുന്നില്ല. പെട്ടെന്ന് വളരെ സുപരിചിതമായ ഒരു വിളി. ചേട്ടാ... ചേട്ടാ... വ്യത്യസ്ത വഴികളിലൂടെ ഓടി മത്സരം വിജയിച്ച ഒരു ഓട്ടക്കാരൻ്റെ ആശ്ചര്യത്തോടെ അവൾ എന്നെ നോക്കി.എന്നിട്ട് എന്നോടായി പറഞ്ഞു ചേട്ടൻ ഇനിയും എടുത്തുവെച്ചില്ലേ ? ഇത്രനേരം എന്തു നോക്കി നിൽക്കുകയായിരുന്നു.ഞാനൊന്നും മിണ്ടിയില്ല .ഇനി ഞാൻ വരുമ്പോഴേക്കും ഇത് വൃത്തിയാക്കിയില്ലെങ്കിൽ എൻറെ വിധം മാറും.അതൊരു താക്കീത് ആയിരുന്നു.അവൾ അടുക്കളയിലേക്ക് മടങ്ങി.ഞാൻ കത്തിനെ ഒന്നുകൂടി നോക്കി.ഒരിക്കൽ ഞാനാ കത്ത് നൽകാനായി പോയതാണ്.ഒരു വൃദ്ധ മാത്രം താമസിക്കുന്ന ഒരു കുടിലാലാണ് ഞാൻ എത്തപ്പെട്ടത്.ആൻറണിയുടെ അമ്മയായിരുന്നു ആ വൃദ്ധ.ഒരു ഏറ്റു പറച്ചിൽ ആയിരിക്കാം ആ കത്തിൽ .മകൻറെ കത്താണെന്ന് അറിഞ്ഞപ്പോൾ ആ വൃദ്ധ ആ കത്തിനെ തൊടിയിലേക്ക് വലിച്ചെറിഞ്ഞ് അകത്തേക്ക് പോയി.എന്തുവാ കത്തിന് ഉപേക്ഷിക്കാൻ മനസ്സ് വന്നില്ല.അന്ന് ഈ പെട്ടിയിൽ കയറിയതാണ് പിന്നെ ഇപ്പോഴാണ് ഇത് പുറംലോകം കണ്ടത്.കത്തിനെ വീണ്ടും പെട്ടിയിൽ തന്നെ തിരികെ വച്ചു.ആൻറണി സമൂഹത്തിന് നീയൊരു കൊലയാളി ആയിരിക്കാം എന്നാൽ എനിക്ക് നീ എൻ്റെ മകൻ മാത്രമാണ്.വളർത്തിയില്ലെങ്കിലും കാറ്റിൻറെ മർമ്മരങ്ങളിൽ നീ ചിരിക്കുന്നത് ഞാനറിയുന്നു.എന്നാൽ എന്നും നിൻ്റെ മനോഹരമായ ഓർമ്മകൾ ഉണ്ടാവും നിന്നെ ആര് ഓർത്തില്ലെങ്കിലും നീ എൻറെ മനസ്സിൻറെ ഒരു കോണിൽ എന്നും ഉണ്ടാകും.



നിവേദ്
10 C



# प्यार

उस दिन बारिश बहुत बरसा था। फिर भी बारिश तोडा- तोडा बरस रहा है। सदा के समान अरविंद अपनी कुरसी में बैठकर प्रकृति की सुंदरता में खो गया था। कुछ समय के बाद बारिश बरसना रुक गया। सुरज के किरणों से पत्तियों के और फूलों में अटकी हुई बारिश के बूंधे चमका। हरियाली की गंध हर जगह फैली थी। मिट्टी के गंध अरविंद का नाक में गुजा। अरविंद बहुत शांति से बैढ रहा था।

अचानक अरविंद ने बुलाया, " राणी एक चाय लेकर आओं" राणी ने चाय अरविंद को दिया। " देखो हमारा बच्चा आ रहा है" । राणी बोली ।" हाँ, पर उसकी साथ और कौन है, वह कौन होगा" ? अरविंद ने कहा।

" माँ. . . , पापा. . . यह मेरा दोस्त है" । राजु ने कहा।

" ठीक है, क्या नाम है इसका " ? अरविंद ने पूछा ।" अर्जुन, और यह हमारा घर और यह जगह देखने के लिए आया है। यह मेरा बहुत अच्छा दोस्त है।

बहुत समय के बाद वे दोनों लड़के सब जगह देखकर राजु का घर वापस लौटा।

अरविंद, राजु और अर्जुन कुर्सयों में एकसाथ बैढ़ रहा था। वे बहुत सारा बातें बताया। अचानक अर्जुन ने बोला। " यह राजु एक लड़की को प्यार करता है" । " क्या बोला तुमने" ? अरविंद आश्चर्य सेपूछा।

"हाँ पर यह राजु अभी तक यह किसीसे भी नहीं बोला" ।अर्जुन ने कहा ।
"देखो राजु तुम्हारा सिर्फ ग्यारह आयु ही हुआ है ।इस आयु में ऐसा नहीं करनी चाहिए" ।अरविंद ने कहा ।
एक हँसी के साथ अरविंद ने कहा "तुम सब लोग से प्यार से रहो, पर ऐसा प्यार नही चाहिए, हर सबको हम प्यार करना है, इस आयु में सब लोग से प्यार से जीना ज़रूरत है ।असली प्यार यह होते है कि हम सबको समजकर सबका साथ रहना और उनके मदद करना ।
यह सब सुनकर राजु शमर्मिंधा हआ । उसने अपना सिर नीचे कर दिया ।
तुम तुम्हारी दोस्त से प्यार करो; जब में तुम्हारी आयु में था; तब में मेरा दोस्त विक्रम से बहुत प्यार करता था ।
अरविंद अपनी यादों में खो गया. . ।
विक्रम एक गरीब परिवार से था और स्कूल से उसको कोई प्यार नहीं करता था ।लेकिन विक्रम से अरविंद बहुत प्यार करता है ।वे दोनों आपस में प्यार से खेलता था, खाता था, एक साथ बैढता था ।लेकिन विक्रम को एक बीमारी था इस बीमारी के चिकित्सा के लिए बहुत पैसे का ज़रूरत हैं ।अरविंद ने पैसा विक्रम को देखकर मदद किया ।उन दोनों के बीच में इतना प्यार था ।विक्रम की अंधकार जैसी जिंदगी में अरविंद रोशनी फैलाई ।
"हम सब लोग से प्यार से जीना चाहिए तब ही ज़िंदगी मधुर बन सकता है" - अरविंद ने राजु से कहा ।बाहर फिरसे बारिश होने लगा ।उस बारिश के आवाज़ सुनकर अरविंद शांत से बैढ गया ।बाहर पत्तियों के हिलने के आवाज़ चिडियों के गाना. . .

- विष्णु रूपेश

10 A



# ദൈവദൂതൻ

ബഷീറിൻറെ വീടല്ലേ ഇത് ?കുഞ്ഞു മിഴികളിൽ തുറിച്ചു നോക്കി നാലാം ക്ലാസുകാരനായ കുഞ്ഞാപ്പു മറുപടി നൽകി.അതെ .കോട്ടും സൂട്ടും കണ്ടപ്പോൾ തന്നെ അവന് മനസ്സിലായി പതിവുവരവുകാരായ ബാങ്ക് ഉദ്യോഗസ്ഥന്മാരാണെന്ന് .അവർ ചോദിച്ചു ബാപ്പ എവിടെ? അവൻ ഒന്ന് നിശ്ചലമായി നിന്നു .ബാപ്പ ഇവിടെയില്ല .അവർ പരിഹാസത്തോടെ വീണ്ടും ചോദിച്ചു ? സത്യം പറ മോനെ .വാപ്പ എവിടെ ?തൻറെ ബാപ്പ കടക്കാരെ പേടിച്ച് ഒളിച്ചിരിക്കുകയാണ് എന്ന് ഏതൊരു മകനും പറയുമോ? അവൻ നിശ്ചയത്തോടെ പറഞ്ഞു. ബാപ്പ ഇവിടെയില്ല അവർ പരസ്പരം പിറു പിറുത്തു.രണ്ടാഴ്ചയായി ഈ വീട് കയറിയിറങ്ങാൻ തുടങ്ങിയിട്ട് .ഇതുവരെ ഒരു പ്രയോജനവും ഇല്ലല്ലോ?പൈസ അടക്കാൻ കഴിയില്ലെങ്കിൽ എന്തിനാ പിന്നെ ലോൺ എടുക്കുന്നത് ?നമ്മളല്ലേ കഷ്ടപ്പെടേണ്ടി വരുന്നത്.അവരുടെ സംസാരം ആ കുഞ്ഞു മനസ്സിൽ ആഴത്തിൽ മുറിവ് ഉണ്ടാക്കി.പോകാൻ തുടങ്ങി അവർ വഴിവക്കിൽ നിന്ന് തിരിഞ്ഞു.കുഞ്ഞാപ്പു പേടിച്ചു പോയി. ബാപ്പയെ കണ്ടോ നിൻറെ ? എങ്കിൽ ബാപ്പയോട് പറയണം ഇനി ഞങ്ങൾ വരുമ്പോഴേക്കും പണം ബാങ്കിൽ എത്തിയില്ലെങ്കിൽതെരുവിലേക്കിറങ്ങേണ്ടി വരുമെന്ന് .അതു പറഞ്ഞവർ നീങ്ങി പാടത്തിലൂടെ നടന്നു മാഞ്ഞു .അവർ പോയതറിഞ്ഞ് വാതിലിന്റെ പിറകിൽ ഒളിച്ചു നിന്ന് ബാപ്പ ഇറങ്ങിവന്നു അവനെ കെട്ടിപ്പിടിച്ചു.അവൻ വാപ്പയോട് അലിവോടെ ചോദിച്ചു.ബാപ്പ നമ്മൾ ഇറങ്ങേണ്ടി വരുമോ ? ആ ചോദ്യത്തിന് കൃത്യമായ മറുപടി ഇല്ലെങ്കിലും മകനെ ആശ്വസിപ്പിക്കാൻ ആയി അവരുടെ ചുണ്ടുകൾ ഉറവിട്ടു.അപ്പോഴേക്കും ബാപ്പ പൈസ അടക്കില്ലേ? നമ്മൾ എവിടെയും പോകേണ്ടി വരില്ല ' ആ വാക്കുകൾ ആ കുഞ്ഞു മനസ്സിനെ

കെ ആർ എച്ച് എസ് എസ് പുറമേരി

തെല്ലൊരാശ്വാസമായി .അങ്ങനെ ദിവസങ്ങളും ആഴ്ചകളും കടന്നുപോയി.പണമടക്കാൻ ഒരു മാർഗ്ഗവും തന്റെ മുന്നിൽ തെളിഞ്ഞില്ല.ആരോടും ചോദിക്കാൻ ബഷീറിന് കഴിഞ്ഞില്ല.കാരണം ഇതുവരെ വാങ്ങിച്ച പണം തിരിച്ച് കൊടുക്കാൻ കഴിഞ്ഞില്ലായിരുന്നു.ബഷീറിനെ കൊടുത്ത അവധി ദിവസവും കടന്നുപോയി തന്റെ മുന്നിൽ ഒരു മാർഗ്ഗവുമില്ല .അങ്ങനെ ജപ്തി ദിവസം വന്നെത്തി.പോലീസ് അകമ്പടിയോടെ ഉദ്യോഗസ്ഥർ വന്നു.അയൽക്കാരും വിവരമറിയാൻ ഓടിയെത്തി.ബഷീറിന്റെ വീടിന് മുന്നിൽ ജനക്കൂട്ടമായി.സാറേ ഞങ്ങളുടെ കിടപ്പാടം ഇതു മാത്രമാണ് പോകാൻ ഒരിടവും ഇല്ല .ഹേ മിസ്റ്റർ നിങ്ങൾ അങ്ങോട്ട് മാറി നിൽക്കൂ.ഇത്രയും കാലം അടക്കാതിരുന്നിട്ട് ഇപ്പോൾ പറഞ്ഞിട്ടെന്താ കാര്യം ? ഞങ്ങൾക്ക് ഞങ്ങളുടെ ജോലി ചെയ്യണം.നിസ്സഹായനായ ബഷീർ പറഞ്ഞു ഞാൻ ഒരു കൃഷിക്കാരനാണ്. കൃഷി എന്നതൊരു ഭാഗ്യ പരീക്ഷണമാണ് .പ്രകൃതിയും കൂടെ ഞങ്ങളോടൊപ്പം ഉണ്ടാവണം .എന്നാൽ ഈ പ്രാവശ്യം പ്രകൃതി ഞങ്ങളെ ചതിച്ചു. ഞങ്ങളുടെ കൃഷിപ്പാടം വെള്ളത്തിൽ നശിച്ചു.ഞങ്ങളുടെ ഉപജീവനമാർഗ്ഗം കൃഷിയാണ് സാറേ . എന്റെ ഭാര്യയെയും നാലു മക്കളെയും പ്രായമായ ഉമ്മയും ഉപ്പയും അങ്ങനെ എല്ലാവരും എന്നെ ആശ്രയിച്ചു കഴിയുന്നു.എങ്ങനെ ഞാൻ ഇവരെയും കൊണ്ട് തെരുവിൽ ഇറങ്ങും.ഇതും പറഞ്ഞ് ബഷീർ നിലത്ത് വീണു .തന്റെ മൂത്ത മകനായ കുഞ്ഞാപ്പുവും ഭാര്യയും ചേർന്ന് ബഷീറിനെ പിടിച്ചെഴുന്നേൽപ്പിച്ചു.പെട്ടെന്ന് ഒരു യുവതി ഓടി വന്നു. ആ യുവതി എന്തോ പറയുന്നുണ്ട്.ജപ്തി ചെയ്യല്ലേ ?ജപ്തി ചെയ്യാൻ തയ്യാറെടുക്കുകയായിരുന്ന ഉദ്യോഗസ്ഥരുടെ ശ്രദ്ധ ആ യുവതിയിലേക്ക് ആയി .ഒരു ഉദ്യോഗസ്ഥൻ ചോദിച്ചു നിങ്ങൾ ആരാണ് ?ആ യുവതി പറഞ്ഞു ഞാൻ ഒരു പോലീസുകാരനെ ചൂണ്ടിക്കാണിച്ചു.ഇദ്ദേഹത്തിന്റെ ഭാര്യ.നിങ്ങൾ എന്തിനു വന്നു ?ആ പോലീസുകാരൻ എല്ലാ കാര്യങ്ങളും വിശദീകരിച്ചു.കുറച്ചുസമയം മുൻപ് എൻറെ ഭാര്യ സിന്ധു എന്നെ അവളുടെ ഓഫീസിൽ നിന്ന് വിളിച്ചിരുന്നു. ഞാനിപ്പോൾ ബഷീർക്കയുടെ കാര്യങ്ങൾ പറഞ്ഞപ്പോൾ അവൾ പറഞ്ഞു അവളുടെ കല്യാണ ദിവസം നടന്ന കാര്യങ്ങൾ .എല്ലാവരും ആ പോലീസുകാരനെ ഉറ്റുനോക്കി.എന്ത് കാര്യം ? ബാക്കി കാര്യങ്ങൾ സിന്ധു .എൻറെ കല്യാണം നടത്താൻ അച്ഛൻ വളരെ കഷ്ടപ്പെട്ടു. ഒരു കല്യാണത്തിന് അനേക ചെലവുകൾ ,എന്തിനാണ് ഈ പെണ്ണിനെ കല്യാണം കഴിപ്പിക്കുന്നത് എന്നൊക്കെയുള്ള പരിഹാസവും തള്ളിപ്പറച്ചിലും അച്ഛനും ഞങ്ങളും കുടുംബക്കാരിൽ നിന്നും നേരിട്ടു.അപ്പോഴാണ് ദൈവദൂതനെ പോലെ ബഷീർക്കായുടെ വരവ്.എൻറെ കല്യാണത്തിന് വേണ്ട എല്ലാ പച്ചക്കറികളും അദ്ദേഹം തന്റെ തോട്ടത്തിൽ നിന്ന് പറിച്ച് എത്തിക്കുകയും മറ്റു പല സഹായങ്ങളും ചെയ്തു തന്നു .എന്നാൽ ഒരു കൃഷിക്കാരനായ ഒരു നേരത്തെ അന്നം വയറ്റിൽ എത്തിക്കുന്ന താങ്കളെപ്പോലുള്ളവരെ ആപത്തിൽ നിന്നുംരക്ഷിക്കാൻ താങ്കളോടൊപ്പം ആരുമില്ലെന്ന് കേട്ടപ്പോൾ എൻറെ മനസ്സ് വിങ്ങി.പറയൂ എത്ര പൈസയാണ് വേണ്ടത് ഞാൻ തരാൻ പണം ബഷീർ ഉരവിട്ടു.സിന്ധു ..... എൻറെ നാരായണേട്ടന്റെ മകളെ നീയില്ലെങ്കിൽ .......

**ശിവദ. എസ്. പ്രദീപ്**

**9 C**




# നിർമ്മിത ബുദ്ധി

വർഷങ്ങളായി മനുഷ്യൻ അവന്റെ അധ്വാനത്തിലൂടെ ആർജിച്ചെടുത്ത അതിനൂതനമായ സാങ്കേതികവിദ്യയാണ് നിർമ്മിത ബുദ്ധി അഥവാ AI. മനുഷ്യൻ ചെയ്യുന്ന പ്രവർത്തികൾ ചെയ്യാൻ യന്ത്രങ്ങൾക്ക് സാധിക്കുമെന്നത് ഏവർക്കും അറിയാം.എന്നാൽ സ്വയം ചിന്തിക്കാൻ കഴിവുള്ള യന്ത്രങ്ങൾ അതെന്നും മനുഷ്യൻറെ ഒരു ചിരകാല സ്വപ്നം തന്നെയാണ്.ബുദ്ധിയുള്ള യന്ത്രങ്ങളെ സൃഷ്ടിക്കാൻ നിർമ്മിത ബുദ്ധിക്ക് ഇന്ന് കഴിഞ്ഞു.


നാം മുഷിഞ്ഞിരുന്നു ചെയ്യുന്ന പല കാര്യങ്ങളും ഇന്ന് യന്ത്രങ്ങളെ കൊണ്ട് ചെയ്യാൻ സാധിക്കുന്നുണ്ട്.നിത്യജീവിതത്തിൽ തന്നെയായി AI ഉപയോഗപ്പെടുത്തിയിരിക്കുന്ന നിരവധി സന്ദർഭങ്ങൾ ഉണ്ട് . ഗൂഗിൾ സെർച്ച് , ഗൂഗിൾ മാപ്പ്, സ്മാർട്ട് ഫോണിൽ മുഖം തിരിച്ചറിയുന്ന സംവിധാനം, ബാങ്കിംഗ് മേഖലകളിൽ അങ്ങനെ പോകുന്നു ഈ പട്ടിക .

സാഹചര്യങ്ങൾക്കനുസരിച്ച് യന്ത്രങ്ങൾ പെരുമാറുന്നില്ല എന്നതായിരുന്നു യന്ത്രങ്ങളുടെ പരിമിതിയായി നമ്മൾ കണ്ട ഒരു വലിയ പ്രശ്നം.അത്തരം പ്രശ്നം മറികടക്കാൻ നിർമ്മിത ബുദ്ധിയിലൂടെ ഏറെക്കുറെ കഴിഞ്ഞിട്ടുണ്ട്.വൻകിട സോഫ്റ്റ്‌വെയർ കമ്പനികൾ എല്ലാം തന്നെ AI യിലേക്ക് ചുവടുവെച്ചത് ഒരു പുത്തൻ പ്രതീക്ഷയാണ്.ഇതിലൂടെ യുവാക്കൾക്ക് പുതിയ ജോലി സാധ്യതകൾ തുറന്നു കിട്ടുന്നു.ഇതിനു ഉതകുന്ന തരത്തിൽ നിർമ്മിത ബുദ്ധി അധിഷ്ഠിത പാഠ്യപദ്ധതികൾ ഇന്നത്തെ കാലത്ത് അനിവാര്യം തന്നെയാണെന്ന് പറയേണ്ടതില്ലല്ലോ .

ഇതിന്റെ ഭാഗമായാണ് ലിറ്റിൽ കൈറ്റ്സ് എന്ന കേരളത്തിലെ ഏറ്റവും വലിയ ഐടി കൂട്ടായ്മ ,കുട്ടികൾക്ക് വേണ്ടി റോബോട്ടിക്സ് ഇലക്ട്രോണിക്സ് പോലുള്ള വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയത്.വരുംകാലങ്ങളിൽ വിദ്യാഭ്യാസ രംഗത്ത് ഏറ്റവും വലിയ വെല്ലുവിളികളെ അഭിമുഖീകരിക്കാനും അധ്യാപന പഠന രീതികളെ നവീകരിക്കാൻ AIക്ക് കഴിയുമെന്നതിൽ യാതൊരു തർക്കവുമില്ല.

വിദ്യാഭ്യാസ രംഗത്തെ പുത്തൻ പ്രതീക്ഷയുടെ നല്ല നാളിനായി നമുക്ക് കാത്തിരിക്കാം..... ലിറ്റിൽ കൈറ്റ്സിനൊപ്പം ..... മുന്നേറാം, കുട്ടി പട്ടത്തിനൊപ്പം അനന്തതയിലേക്ക് ....

ഇന്ദുജ പി പി
ലിറ്റിൽ കൈറ്റ് മിസ്ട്രസ്



# ക്ലിന്റ് ഗ്യാലറി



**സൂര്യദേവ് പി**
**8 E**




പ്രബിൻ ദേവ്
9A



വിനയപ്രിയ
7 B



സാധിക കെ
9B



ജ്വൽ
6A



പ്രബിൻ ദേവ്
9A



അലൻ ലജ്ജ കൃഷ്ണ
6 A




നിവിൻ കൃഷ്ണ
8C





നിവിൻ കൃഷ്ണ
8C

മീനാക്ഷി
9A



നവനീത പി
5A




നയിഫാ ഫാത്തിമ
9B



**ആയിഷ പി കെ**
**5A**




**നിയ കെ**
**9 B**



**യദുകൃഷ്ണൻ ആർ എൻ**
**9 A**






**നയിഫാ ഫാത്തിമ**
**9B**



little KITEs













## "അറിവിന്റെ അതിരുകളിലാത്ത ആകാശത്തിലേക്കു പറക്കാം "



# ലിറ്റിൽ കൈറ്റ് ബാച്ച് 2 0 2 2 -2 0 2 5